**KOTTAYAM PUBLIC LIBRARY**

Call No M107 KOV-D Acc. No 012637

Author കോവൂർ. ഇ. എം

Title ഡിമോസ്തനീസ്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1399

# ഡിമോസ്തനിസ്

അഥവാ

## ഒരു മഹാവാഗ്മി

12637

BY

E. M. KOVOOR, B. A. B., L.

*Second Edition 1000 Copies*

Chitra Publishing House

Trivandrum

1112

NATIONAL B... SPCS LTD. BR. KOTTAYAM

*All Rights Reserved*]

[Price Chs. 10.

407

# അവതാരിക

സമസൃഷ്ടങ്ങളുടെ അഭ്യുദയത്തിന് അർപ്പിതമായ ഒരു മഹജ്ജീവിതം, ചരിത്രകീർത്തിതമായ ഒരു ആയുസ്സ്, വാഗ്മിത്വം എന്നകലാപാടവത്തേ ലോകാന്ത്യത്തോളവും ഉദാഹരിക്കുന്ന ഒരു ശാശ്വതപ്രതിഷ്ഠ ഇത്രയുമാണ് ഈ ജീവചരിത്രത്തിൽ നിന്നു വിദ്യാർത്ഥികൾക്കു ഗ്രഹിക്കുവാനുള്ളത്. ഇത്രമേൽ അനർഘവും സുദീർഘവും ആയ ഒരു ജീവിതം ഇത്ര ലളിതവും സുഗ്രഹവും ആയ രീതിയിൽ എഴുതുന്നതിനു കഴിഞ്ഞ ശ്രീമാൻ കോവൂർ തന്റെ സാഹിത്യവൈദഗ്ദ്ധ്യത്തിന് മറെറാരു ദൃഷ്ടാന്തംകൂടി നമുക്കു നൽകുകയാണു ചെയ്തിട്ടുള്ളത്. വാഗ്മിത്വം ഇന്നത്തേയും ഇനിയത്തേയും ജീവിത വിജയത്തിന് അത്യന്താപേക്ഷിതമാണല്ലോ. ഇതിനൊക്കെ പുറമേ, സംഭവ ബഹുലവും വിജ്ഞാനമയവും ആയ ഒരു ചരിത്രഘട്ടത്തെപ്പററിയുള്ള ധാരണയും ഇതിൽനിന്നുലഭിക്കുന്നുണ്ടു്. തീർച്ചയായും ഈ ഗ്രന്ഥം ഭാഷാപോഷണതല്പരരായ വിദ്യാഭ്യാസ ധുരന്ധരന്മാരുടെ പ്രീതിക്കു പാത്രമാകാതെയിരിക്കുന്നതല്ല.

ഈ. വീ. കൃഷ്ണപിള്ള

11-1-1111.

# ഡിമോസ്തനീസ്

അഥവാ

## ഒരു മഹാവാഗ്മി.

---

### പ്രാരംഭം.

മദ്ധ്യധരണ്യാഴിയുടെ വടക്കുകിഴക്കേ മൂലയിലായി സ്ഥിതിചെയ്യുന്ന ഗ്രീസ്സ് രാജ്യം പൌരാണിക ചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനത്തെ അലങ്കരിച്ചിരുന്നു. ഏതൻസ്, തീബ്സ്, സ്പാർട്ടാ, മാസിഡോൺ ആദിയായ പേരുകളോടുകൂടിയ നിരവധിസ്വതന്ത്ര സംസ്ഥാനങ്ങൾ ഒന്നുചേർന്നതായിരുന്നു അന്നത്തെ ഗ്രീസ്സ് രാജ്യം. തത്വശാസ്ത്രം, സാഹിത്യം, രാജ്യഭരണതന്ത്രം മുതലായവയിൽ അക്കാലത്തെ ഗ്രീസ്സുനിവാസികൾക്കുണ്ടായിരുന്ന അത്യുൽക്കൃഷ്ടമായ പാണ്ഡിത്യവും, അനിതരസാധാരണമായ സാമർത്ഥ്യവും ഇന്നും ലോകരുടെയെല്ലാം അഭിനന്ദനത്തിനും അത്ഭുതത്തിനും തന്നെയും പാത്രമായി സ്ഥിതിചെയ്യുന്നതേയുള്ളു. ആരിസ്റ്റോട്ടിൽ, പ്ലേറ്റോ തുടങ്ങിയ വിശ്വവിശ്രുതന്മാരായ തത്വജ്ഞന്മാരും, സോഫോക്ലിസ്, യൂറിപ്പിഡിസ് ആദിയായ നാടകകർത്താക്കളും, പെരിക്ലിസ്, മഹാനായ അലക്സാണ്ഡർ മുതലായ പ്രസിദ്ധ രാജ്യതന്ത്രജ്ഞ

ന്മാരും സേനാനികളും ഗ്രീസ്സ് സാമ്രാജ്യത്തിൻെറ ഔന്നത്യകാലത്തു ജീവിച്ചിരുന്നവരാണ്. ചിത്രമെഴുത്ത്, കൊത്തുപണി, ശില്പശാസ്ത്രം എന്നിവയിലും, ആ മഹാരാജ്യം ഒട്ടും പിന്നോക്കമായിരുന്നില്ല. മോഹനഗാത്രങ്ങളോടുകൂടിയ കായികാഭ്യാസികളേയും, ശ്രോതാക്കളുടെ ഹൃദയങ്ങളെ ഇളക്കി മറിക്കുവാൻതക്ക പ്രാപ്തിയുള്ള വാഗ്മികളേയും സൃഷ്ടിക്കുന്നതിലും, പ്രോത്സാഹിപ്പിക്കുന്നതിലും പൌരാണിക യവനർ ഒട്ടും മടിച്ചിരുന്നില്ല. ക്രിസ്താബ്ദത്തിനു മുന്നൂററിപ്പത്തു വഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന അപ്രകാരമുള്ള ഒരു വിശ്വവിശ്രുതനായ യവനമഹാ വാഗ്മിയുടെ ജീവചരിത്രമാണ് അടിയിൽ പ്രതിപാദിച്ചിരിക്കുന്നത്.

## ജനനവും ബാല്യവും

നമ്മുടെ കഥാപുരുഷൻെറ ജനനവിവരങ്ങൾ ഇപ്പോഴും മിക്കവാറും അജ്ഞാതമായി തന്നെ സ്ഥിതിചെയ്യുന്നതെയുള്ളു. അദ്ദേഹത്തിൻെറ പിതാവിൻെറ നാമധേയവും ഡിമോസ്തനീസ് എന്നായിരുന്നു. പിതാവായ ഡിമോസ്തനീസ് ഏതൻസ് സംസ്ഥാനത്തിലെ ഏററവും ഗണ്യന്മാരായ ആളുകളുടെ കൂട്ടത്തിൽപ്പെട്ട ഒരു ദേഹമായിരുന്നു. ഒരു ഖഡ്ഗ നിർമ്മാണ ശാലയുടെ ഉടമസ്ഥനായിരുന്ന അദ്ദേഹത്തിൻെറ കീഴിൽ ഒട്ടധികം അടിമകൾ ജോലിചെയ്തുവന്നിരുന്നു എന്ന് തീയോപോംപസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചു 'താലന്തു'കളോളമുണ്ടായിരുന്നു അദ്ദേ

ഹത്തിൻെറ സ്വത്തു മുഴുവനും, അദ്ദേഹം മരിക്കുമ്പോൾ വെറും ഏഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന തൻെറ ഏകപുത്രന് അനന്തരാവകാശിയെന്ന നിലയിൽ ലഭിക്കയുണ്ടായി. എന്നാൽ മേൽപ്പറഞ്ഞ സ്വത്തിൻെറ ഭരണത്തിലേക്കായി നിയോഗിക്കപ്പെട്ടിരുന്ന രക്ഷാകർത്താക്കൾ വഞ്ചന പ്രവർത്തിക്കയാൽ ആ സ്വത്തിൽ വളരെ ഭാഗവും നഷ്ടപ്പെടുന്നതിനും, ബാലനായ ഡിമോസ്തനീസ്സിൻെറ വിദ്യാഭ്യാസംതന്നെ പൂർത്തിയാകാതിരിക്കുന്നതിനും ഇടയായിത്തീർന്നു. ഏതൻസിലെ അക്കാലത്തെ മററു യുവാക്കന്മാരോടൊപ്പം ചെറുപ്പത്തിൽ കേവലം ക്ഷീണഗാത്രനായിരുന്ന അദ്ദേഹത്തെ വിവിധതരത്തിലുള്ള കായികാഭ്യാസങ്ങളിൽ പങ്കെടുക്കുവാൻ അദ്ദേഹത്തിൻെറ മാതാവു് അനുവദിച്ചിരുന്നില്ല. അക്കാരണത്താൽതന്നെ പഠനകാര്യങ്ങളിലും നിരന്തരമായശ്രദ്ധ പതിപ്പിക്കുവാൻ അദ്ദേഹത്തെ ഗുരുക്കന്മാരും നിർബ്ബന്ധിച്ചിരുന്നില്ല. സഹപാഠികളായിരുന്ന യുവസ്നേഹിതന്മാർ അദ്ദേഹത്തിൻെറ ലോലശരീരം നോക്കി നേരംപോക്കായി 'പെൺകുട്ടി, പെൺകുട്ടി' എന്നു വിളിച്ചദ്ദേഹത്തെ അലട്ടാറുമുണ്ടായിരുന്നു.

## കലിസ്ത്രാററസ്സിൻെറ വാഗ്മിത്വം

താഴെ വിവരിക്കുന്ന സംഭവമായിരുന്നു ഡിമോസ്തനീസ്സിൻെറ ശ്രദ്ധയെ വാഗ്മിത്വകലയിലേക്കാദ്യം ആകർഷിക്കയുണ്ടായതു്. ഒറീസ്സിയസ് സംസ്ഥാനത്തിൻെറ അവകാശങ്ങൾക്കുവേണ്ടി ഏതൻസിലെ ഭരണസഭയിൽ

വച്ച് കലിസ്റ്റാററസ് ഒരു വാദം നടത്തുന്നതാണെന്നു പരക്കെ അറിയിച്ചിരുന്നു. ഒരു വാഗ്മി എന്നനിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യകീർത്തികൊണ്ടും, അദ്ദേഹം വാദിക്കുവാൻ നിശ്ചയിച്ചിരുന്ന വിഷയത്തിൻെറ ഗൌരവസ്വഭാവം മൂലവും ഏതൻസിലെ പൊതുജനങ്ങളുടെ ഇടയിൽ എന്തെന്നില്ലാത്ത ഒരിളക്കവും ഉത്സാഹവും ആ സംഭവം ഉളവാക്കി. ഏതൻസിലെ അദ്ധ്യാപകന്മാരെല്ലാം ആ പ്രസിദ്ധ വാഗ്മിയുടെ പ്രഭാഷണം കേൾക്കുവാൻ പോകുന്നുണ്ടെന്നറിഞ്ഞു് തന്നെക്കൂടെ സഭയിലേക്കു കൊണ്ടു പോകണമെന്നു യുവാവായ ഡിമോസ്തനീസ് തൻെറ ഗുരുവിനോടപേക്ഷിച്ചു. സഭാമന്ദിരത്തിൻെറ സൂക്ഷിപ്പുകാരക്ക് ആ ഗുരുവിനോടുണ്ടായിരുന്ന പരിചയം മൂലം ആരും കാണാതെ ഒരു തിരശീലയുടെ പിന്നിലിരുന്നു് കലിസ്റ്റാററസ്സിൻെറ വാദം കേൾക്കുവാൻ അവർ ഡിമോസ്തനീസ്സിനെ അനുവദിച്ചു. നിരർഗ്ഗളമായി പ്രവഹിച്ച വാഗ്മിത്വ ധോരണിയാൽ തൻെറ വാദമുഖങ്ങളെ നിഷ്പ്രയാസം സ്ഥാപിക്കുവാൻ സാധിച്ച അദ്ദേഹത്തെ സകലരും അത്യാഹ്ളാദപുരസ്സരം അഭിനന്ദിച്ചു. വിജയിയായിത്തീൎന്ന കലിസ്റ്റാററസ്സിനു ലഭിച്ച ബഹുമതികളും അഭിനന്ദനങ്ങളും സൂക്ഷിച്ചു കൊണ്ടുനിന്നിരുന്ന ഡിമോസ്തനീസ്സിൻെറ ഹൃദയത്തെ ആ സംഭവം അത്യധികം ശക്തിയായി സ്പർശിച്ചു. ആ നിമിഷം മുതൽ തൻെറ ഇതരപഠനങ്ങളെല്ലാം ഉപേക്ഷിച്ച്, ഏതൻസിലെ സുപ്രസിദ്ധ വാഗ്മികളുടെ കൂട്ടത്തിൽ ഒരാളായിത്തീൎന്നു പ്രശസ്തിസമ്പാദിക്കുവാൻ അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. ഈ ആവശ്യത്തിലേക്കു

ഗുരുവായി അദ്ദേഹം തിരഞ്ഞെടുത്തതു് ഐസയസ്സ് എന്ന പ്രസിദ്ധ വാഗ്മിയെയായിരുന്നു. അദ്ദേഹത്തെ കൂടാതെ പ്ലേറേറാ, കാലിയസ്സ് ആദിയായവരുടെ കീഴിലും അദ്ദേഹം പിൽകാലത്തു പരിശീലനം നടത്തുകയുണ്ടായി എന്നാണു പറയപ്പെടുന്നതു്.

## പ്രഭാഷണാരംഭം

പ്രായപൂത്തി ആയതോടുകൂടി തന്റെ സ്വത്തുക്കളുടെ രക്ഷാകത്തൃത്വം വഹിച്ചിരുന്ന ആളുകളുമായി അദ്ദേഹം ഒരു വ്യവഹാരം ആരംഭിച്ചു. തന്നെ പരാജിതനാക്കുന്നതിനുവേണ്ടി എതിരാളികൾ പ്രയോഗിച്ച നിരവധി കുതന്ത്രങ്ങൾ വെളിപ്പെടുത്തുന്നതിലേക്കായി പല അവസരങ്ങളിലും പരസ്യമായി പ്രസംഗിക്കേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായി. എന്നാൽ നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി ആ വ്യവഹാരത്തിൽ അദ്ദേഹം വിജയിയാകതന്നെ ചെയ്തു. പിതൃസ്വത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമെ ആ വ്യവഹാരഫലമായി അദ്ദേഹത്തിനു ലഭിക്കുവാൻ സാധിച്ചുള്ളുയെങ്കിലും, പ്രസംഗിക്കുന്നതിനുള്ള ധൈയ്യവും ആത്മവിശ്വാസവും അദ്ദേഹത്തിനു ധാരാളമായി അതുമൂലം സിദ്ധമായി. ഏതൻസിലെ പൊതുക്കായ്യങ്ങളിൽ ഭാഗഭാക്കായി തന്റെ ദ്ദേശസിദ്ധിവരുത്തുവാനും അദ്ദേഹം ഉടനെ തീരുമാനിച്ചു. ഇങ്ങനെ തന്റെ പിതുരാജ്ജിതമായ സ്വത്തുക്കളുടെ സംരക്ഷണാത്ഥം പരസ്യമായി പ്രസംഗങ്ങൾ നടത്തുവാൻ നിർബന്ധിതനായിത്തീന്ന

ഡിമോസ്തനീസ് അധികകാലം കഴിയുന്നതിന്നു മുമ്പായി ഏതൻസിലെ സുപ്രസിദ്ധ വാഗ്മികളുടെ കൂട്ടത്തിൽ ഒരു സ്ഥാനം കൈവശമാക്കാനുള്ള അതിപ്രയത്നവും ആരംഭിച്ചു.

## പ്രഥമപരാജയം.

ഡിമോസ്തനീസ്സിൻെറ ആദ്യത്തെ പ്രഭാഷണങ്ങൾ കേൾവിക്കാരുടെ പുച്ഛരസത്തെ അത്യധികം ഉദ്ദീപിപ്പിക്കതന്നെ ചെയ്തു. പ്രസംഗമദ്ധ്യേ പരിഹാസ സൂചകമായി അവർ ഇടയ്ക്കു കയറി ചോദ്യങ്ങൾ ചോദിച്ചും കൂക്കി വിളിച്ചും അദ്ദേഹത്തെ പരിഹസിച്ചു വന്നിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗ സമ്പ്രദായം ആവശ്യത്തിൽ കവിഞ്ഞു വികാരപരവും, ഭാഷാരീതി അനാകർഷണീയമായ തരത്തിൽ കുഴഞ്ഞതുമായിരുന്നു. കൂടാതെ അധികം ഉയരാത്ത അദ്ദേഹത്തിൻെറ ശബ്ദവും ഈ പ്രഥമ പരാജയത്തിന്ന് ഏറെക്കുറെ കാരണമാകാതിരുന്നില്ല. ക്ഷീണഗാത്രനായിരുന്ന അദ്ദേഹത്തിന്ന് പലപ്പോഴും തൻെറ വാചകങ്ങൾ മുഴുവനാക്കുന്നതിന്നു മുമ്പായി ശ്വാസോച്ഛ്വാസം ചെയ്യേണ്ടിവന്നിരുന്നതിനാൽ, മററുള്ളവർക്കു നേരാംവണ്ണം കേൾക്കുന്നതിന്നോ മനസ്സിലാക്കുന്നതിന്നോ സൌകര്യമില്ലാത്തവിധത്തിൽ അവയെ അവസാനിപ്പിക്കയും ആരംഭിക്കയും ചെയ്യേണ്ടിവന്നു. തൻെറ തോൽവികൾകൊണ്ട് അത്യധികം ദുഃഖിതനായിത്തീർന്ന ഡിമോസ്തനീസ് ഏതൻസിലെ സഭാമന്ദിരം വിട്ട് ഏകനായി ഒരു വിജനസ്ഥലത്തുകൂടെ പോകയായിരുന്നു. ഈയവസരത്തിൽ യൂനോമസ് എന്ന വൃദ്ധനായ ഒരു

രാജ്യതന്ത്രജ്ഞൻ അദ്ദേഹത്തെ കണ്ടു് ഇപ്രകാരം പറഞ്ഞു: "ഹേ ഡിമോസ്തനീസ്സേ നിങ്ങളുടെ പ്രസംഗരീതി സുപ്രസിദ്ധനായ പെരിക്ലീസ്സിൻേറതുപോലെ യത്രേ. എന്നാൽ വേണ്ട ധൈര്യവും ഉന്മേഷവും ഇല്ലാത്തതുകൊണ്ടാകുന്നു നിങ്ങൾ പരാജിതനാകുന്നതു്. സഭാമന്ദിരത്തിൽ നിന്നും ഉയരുന്ന ബഹളങ്ങളോടും എതിരുകളോടും മല്ലിട്ടു ജയിക്കുന്നതിനു പകരം നിങ്ങൾ പരാജയം സ്വയം സ്വീകരിക്കുന്നു. തോൽവിയ്ക്കു് ഒരു കാലത്തും അധീനനാകരുതു്. മംഗളംഭവിക്കട്ടെ." വേറൊരവസരത്തിൽ സഭാമന്ദിരത്തിൽ വച്ചു പരാജയമടഞ്ഞു് തലയുംതാഴ്ത്തി, ദുഃഖഹൃദയനായി ഡിമോസ്തനീസ് തൻേറ ഗൃഹത്തിലേക്കു പോകയായിരുന്നു. തൻേറകൂടെ അപ്പോൾ എത്തിച്ചേന്ന പ്രസിദ്ധ ഹാസ്യനടനായ സററിറസ്സിനോടു് അദ്ദേഹം തൻേറ സങ്കടങ്ങൾ ഇപ്രകാരം വിവരിച്ചു. "എൻേറ ഓരോ പ്രസംഗവും എത്ര കാലത്തെ അദ്ധ്വാനത്തിൻേറ ഫലമാണെന്നു് ഈശ്വരനുമാത്രമേ അറിവുള്ളൂ. എന്നാൽ കേൾവിക്കാരായ പൊതുജനങ്ങളെ ഒരിക്കൽപോലും പ്രീതിപ്പെടുത്തുന്നതിനു് എനിക്കിതുവരേയും സാധിച്ചിട്ടില്ല. കേവലം അജ്ഞന്മാരായ മദ്യപാനികളുടേയും, കപ്പലോട്ടക്കാരുടേയും കഥയില്ലാത്ത വാക്കുകൾ അത്യധികം താൽപര്യത്തോടും സന്തോഷത്തോടുംകൂടെ ശ്രദ്ധിക്കുന്ന ഈ കൂട്ടരെപ്പററി എന്താണു പറയേണ്ടതെന്നു് അറിയാതെ ഞാൻ കുഴങ്ങുന്നു."

അതിനു സററിറസ്സ് ഇപ്രകാരം മറുപടി പറഞ്ഞു. "അതു വളരെ പരമാത്ഥമാകുന്നു. എന്നാൽ

യൂറിപ്പിഡിസ്സിൻെറയോ സോഫൊക്ലിസ്സിൻെറയോ നാടകകൃതികളിൽ നിന്നും ഏതെങ്കിലുമൊരു ഭാഗം ഉദ്ധരിച്ചു കേൾപ്പിക്കുമെങ്കിൽ ഞാനതിനൊരു പ്രതിവിധി നിർദ്ദേശിക്കാം.''

ഡിമോസ്ത്തനിസു ഉടനെ അപ്രകാരം ചെയ്തു. എന്നാൽ അദ്ദേഹം ഉദ്ധരിച്ച ഭാഗം തന്നെ സററിറസ്സും അപ്പോൾ ഉദ്ധരിക്കയുണ്ടായി. ആവശ്യം വേണ്ട ആംഗ്യങ്ങളോടും മുഖത്തിൽ തക്ക ഭാവരസങ്ങളോടും കൂടി നടത്തപ്പെട്ട ആ ഉദ്ധാരണം ഡിമോസ്ത്തനീസ്സിനെ അത്ഭുതപരതന്ത്രനാക്കി. പ്രഭാഷണരീതിയിലുള്ള ആകർഷണീയതയും ഭംഗിയും ശ്രോതാക്കളുടെ ശ്രദ്ധയെ തിരിക്കുവാൻ എത്രമാത്രം സഹായകരമാണെന്നു് അദ്ദേഹം അപ്പോൾ മനസ്സിലാക്കി. എത്ര നല്ല പ്രസംഗവും അലക്ഷ്യമായരീതിയിൽ ചെയ്യുന്നതായാൽ പരാജയമടയുമെന്നുള്ളതും അദ്ദേഹത്തിനു ബോദ്ധ്യമായി. തൻെറ ശബ്ദവും ആംഗ്യങ്ങളും പരിശീലനം കൊണ്ടു ശരിപ്പെടുത്തുവാൻ ഭൂമിക്കടിയിലായി അദ്ദേഹം ഒരു അറ ഉടനെ നിർമ്മിച്ചു. രണ്ടും മൂന്നും മാസക്കാലം തുടരെ അതിനുള്ളിൽ അദ്ദേഹം കഴിച്ചു കൂട്ടി വന്നിരുന്നു. പുറത്തു പൊതു ജനങ്ങളുടെ ഇടയിൽ ഇറങ്ങി നടക്കുവാനുള്ള ആകാംക്ഷയെ തടയുന്നതിനായി മുഖക്ഷൌരം പകുതി മാത്രം നടത്തി തൻെറ അറയ്ക്കുള്ളിൽ അദ്ദേഹം ഇരുന്നിട്ടുള്ളതായും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. സന്ദർശകന്മാരായി വന്നിരുന്ന സ്നേഹിതന്മാരോടു വാഗ്മിതാകലയെപ്പററി മാത്രമെ സംഭാഷണം ചെയ്കയുള്ളു

എന്നൊരു നിർബന്ധം അദ്ദേഹം അക്കാലത്തു പരിപാലിച്ചിരുന്നു. താൻ കേട്ടിരുന്ന എല്ലാപ്രസംഗങ്ങളേയും അപഗ്രഥനംചെയ്ത് അവയുടെ വിജയം അഥവാ പരാജയം എന്തിലാണു സ്ഥിതിചെയ്തിരുന്നതെന്നു കണ്ടുപിടിക്കുന്നതിൽ അദ്ദേഹം അതീവ ജാഗരൂകനായിരുന്നു.

## വിമർശനങ്ങൾ.

തൻെറ പ്രസംഗങ്ങൾ ക്രമീകരിച്ചു ശരിപ്പെടുത്തുന്നതിൽ ഡിമോസ്തനീസ് പ്രദർശിപ്പിച്ചുവന്നിരുന്ന അത്യന്തശ്രദ്ധയും അദ്ധ്വാനവും കണ്ടിട്ട് ജന്മസിദ്ധമായ യാതൊരുവാഗ്മിത്വവാസനയും ഇല്ലാത്ത ഒരാളാണ് അദ്ദേഹമെന്നു പറഞ്ഞു പലരും അദ്ദേഹത്തെ പരിഹസിക്കയുണ്ടായിരുന്നു. മുന്നറിവുകൂടാതെ യാതൊരു പ്രസംഗങ്ങളും ചെയ്കയില്ലെന്നുള്ള അദ്ദേഹത്തിൻെറ നിബ്ബന്ധം മേൽപ്പറഞ്ഞ അഭിപ്രായത്തെ ബലപ്പെടുത്തുകയുംചെയ്തു. സഭാവാസികളായ പൊതുജനങ്ങൾ അദ്ദേഹത്തിൻെറ പേർ വിളിച്ച് പ്രസംഗിക്കുവാൻ ക്ഷണിച്ചിട്ടുള്ള അവസരങ്ങളിൽ പോലും, തൻെറ പ്രഭാഷണ വിഷയത്തെക്കുറിച്ചു വേണ്ടത്ര ചിന്തിക്കുവാൻ ഇടകിട്ടിയിട്ടില്ലെന്നുള്ള കാരണം പറഞ്ഞു അദ്ദേഹം ഒഴിഞ്ഞുകളക എന്നുള്ള പതിവായിരുന്നു. മററു വാഗ്മികൾ ഡിമോസ്തനീസ്സിനെ ഈ സംഗതിക്ക് അത്യധികം പരിഹസിച്ചുവന്നിരുന്നു. പൈത്തിയസ് എന്നു പേരായ ഒരു വാഗ്മി ഒരിക്കൽ ഇപ്രകാരം അദ്ദേഹത്തോടു പറകയുണ്ടായി. "ഡിമോസ്തനീസ്സേ, നിങ്ങളുടെ പ്രഭാഷണങ്ങൾക്കു "വിളക്കിൻെറ പുക" നല്ലവണ്ണം ഉണ്ടെന്നു പറഞ്ഞു

കൊള്ളട്ടെ.'' അക്കാലങ്ങളിൽ ആത്മവിശ്വാസവും അദ്ദേഹത്തിനു നന്നാ കുറവായിരുന്നു. ഡിമോസ്തനീസ്സിൻെറ ധൈര്യത്തെക്കുറിച്ച് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതു മുഴുവനും ശരിയാണെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഏതൻസു നിവാസികളുടെ താല്പര്യങ്ങൾക്കെതിരായി മാസിഡോണിയായിലെ രാജാവായിരുന്ന ഫിലിപ്പിനെ അനുകൂലിച്ച് ലമാക്കസ് എന്ന വാഗ്മി പ്രസംഗിച്ചപ്പോൾ വികാരപരവശനായിത്തീൎന്ന ഡിമോസ്തനീസ്സ് തൻെറ സാധാരണ മാമൂലിനെ അതിലംഘിച്ച് യാതൊരു തരത്തിലുള്ള മുൻകരുതലും കൂടാതെ നടത്തിയ എതിർ പ്രഭാഷണം, ശ്രോതാക്കളെ പാടേ തൻെറപക്ഷത്തേക്കു തിരിക്കുവാൻ പൎയ്യാപ്തമായിരുന്നുഎന്നുള്ളതു പരമാൎത്ഥം തന്നെ. എന്നാൽ അപ്രകാരമുള്ള സന്ദർഭങ്ങൾ വളരെ ചുരുക്കമായി മാത്രമേ അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായിരുന്നുള്ളു. പെരിക്ലിസ്സിൻെറ വാഗ്മിത്വമായിരുന്നു അദ്ദേഹം മാതൃകയായി സ്വീകരിച്ചിരുന്നതു്. തൻെറ ഗുരുവിൻെറ ഭാഷാരീതിയും പ്രസംഗസമ്പ്രദായവും അദ്ദേഹം വേഗം കൈവശമാക്കി.

## പരിശീലനമാൎഗ്ഗങ്ങൾ.

ഒരു നല്ല വാഗ്മിയായിത്തീരുന്നതിനു വിഘാതമായി കാണപ്പെട്ട തൻെറ ശാരീരികമായ കുറവുകളെ ഹനിക്കുവാൻ ഡിമോസ്തനീസ് സ്വീകരിച്ച മാൎഗ്ഗങ്ങളെക്കുറിച്ച് അനന്തരജീവിതത്തിൽ അദ്ദേഹംതന്നെ പ്രസ്താവിച്ചി

ട്ടുണ്ട്. വാക് പ്രവാഹത്തിലുള്ള അവ്യക്തതയും തടസ്സവും നീക്കുന്നതിനായി വാനിറയെ ചെറിയ പാറക്കല്ലുകൾ ഇട്ടുകൊണ്ട് അനേകമണിക്കൂറുകൾ അദ്ദേഹം പ്രസിദ്ധ ഗദ്യകാരന്മാരുടെ കൃതികൾ ഉറക്കെ വായിച്ചു വന്നിരുന്നു. ശബ്ദം ശരിപ്പെടുത്തുന്നതിനായി, ഒററശ്വാസത്തിൽ സുദീർഘങ്ങളായവാചകങ്ങൾ ഉരുവിട്ടുകൊണ്ട് കിഴുക്കാംതൂക്കായ ഏററങ്ങൾ അദ്ദേഹം ഓടിക്കയറിയിരുന്നു. അദ്ദേഹത്തിൻെറ ഗൃഹത്തിൽ സ്ഥാപിച്ചിരുന്ന ഒരു വലിയ നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നു കൊണ്ട് തൻെറ എല്ലാ പ്രഭാഷണങ്ങളും അദ്ദേഹം നിരവധി പ്രാവശ്യം ഉരുക്കഴിച്ചുവന്നു. ഒരു ദിവസം ഏതോ ഒരാൾ അയാൾക്കുവേണ്ടി സഭാമന്ദിരത്തിൽ ഒരു വാദം നടത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഡിമോസ്തനീസ്സിൻെറ സമീപത്തു വന്നു. എതിർകക്ഷിയിൽനിന്നും താൻ അനുഭവിക്കയുണ്ടായ കഷ്ടപ്പാടുകൾ ആഗതൻ വർണ്ണിച്ചുകേൾപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ഡിമോസ്തനീസ് ഇപ്രകാരം പറഞ്ഞു. "നിങ്ങൾ പറയുന്ന കഷ്ടപ്പാടുകളൊന്നും നിങ്ങൾ അനുഭവിച്ചതല്ല." ഇതുകേട്ട് അത്യന്തം ക്ഷോഭിച്ച ആ മനുഷ്യൻ ശബ്ദമുയർത്തി വികാരത്തോടുകൂടി ഇപ്രകാരം പറഞ്ഞു. "എന്ത്, ഞാനീകഷ്ടപ്പാടുകളൊന്നും സഹിച്ചില്ലെന്നോ? ഡിമോസ്തനീസ്, നിങ്ങൾക്കു തെററിപ്പോയി." ഉടനെ ഡിമോസ്തനീസ്, പറഞ്ഞു "ശരി, ശരി, കഷ്ടപ്പാടും അപമാനവും അനുഭവിച്ച ഒരു മനുഷ്യൻെറ ശബ്ദം ഇപ്പോൾ ഞാൻ കേൾക്കുന്നു. എനിക്കുതന്നെ തെററിപ്പോയി." ഒരു

പ്രസ്താവനയിലുള്ള പരമാൎത്ഥത്തെ ദ്യോതിപ്പിക്കുന്നതിന് അതു പറയുന്ന ആളിൻെറ ശബ്ദത്തിനും ഭാവത്തിനും പ്രാപ്തിയുണ്ടായിരിക്കുമെന്നുള്ള സംഗതിയിൽ ഡിമോസ്ത നീസ്സിന് അത്രമാത്രം വിശ്വാസമുണ്ടായിരുന്നു. ഡിമോ സ്തനീസ്സിൻെറ പ്രസംഗരീതി ഏതൻസിലെ നിവാസി കൾക്ക് അത്യന്തം ഹൃദ്യമായിത്തീൎന്നു. അദ്ദേഹത്തിൻെറ ചില കുറിക്കു കൊള്ളുന്ന മറുപടികൾ പ്രസിദ്ധങ്ങളായി. ഡിമോസ്തനീസ് തൻെറ പ്രഭാഷണ പഠനങ്ങൾക്കായി രാത്രി മുഴുവൻ വിളക്കു കത്തിച്ചുവച്ചുകൊണ്ടു കഷ്ടപ്പെ ടുന്ന സംഗതി ചൂണ്ടിക്കാണിച്ച് ചാൽക്കസ്സ് (പിത്തള യെന്നാണ് ഈ ഗ്രീക്ക് പദത്തിൻെറ അൎത്ഥം) എന്ന പേരോടുകൂടിയ ഒരു മോഷ്ടാവ് അദ്ദേഹത്തെ പരിഹസി ക്കയായിരുന്നു. അല്പം കോപിഷ്ടനായിത്തീൎന്ന ഡിമോ സ്തനീസ് ഉടനെ തിരിഞ്ഞുപറഞ്ഞ മറുപടി ഇപ്പ്രകാര മായിരുന്നു. "ഞാൻ രാത്രിമുഴുവൻ വിളക്കു കൊളുത്തി വച്ചു കൊണ്ടിരിക്കുന്നതു് നിങ്ങൾക്കത്ര സുഖപ്രദമല്ലെ ന്നെനിക്കറിയാം. എന്നാൽ ബഹുമാന്യരായ ഏതൻസ് നിവാസികളെ, നമ്മുടെയിടയിൽ പിത്തളകൊണ്ടുള്ള മോഷ്ടാക്കളും കളിമണ്ണുകൊണ്ടുള്ള ഭിത്തികളും ഉള്ള പ്പോൾ ഭവനഭേദനങ്ങളും മോഷണങ്ങളും നടക്കുന്നതിൽ നിങ്ങൾ അല്പംപോലും അത്ഭുതപ്പെടേണ്ടആവശ്യമില്ല." ഈ മറുപടികേട്ടു ലജ്ജയാൽ നമ്രശിരസ്കനായി ആ മോഷ്ടാവ് കടന്നു കളഞ്ഞു.

## വിജയാരംഭം.

സഭാമന്ദിരത്തിൽ വച്ച് അടിക്കടി പരാജയമടഞ്ഞു വിഷമിച്ച ഡിമോസ്തനീസ്സിൻെറ നേക്ക് വിജയലക്ഷ്മി അവസാനം കൃപാകടാക്ഷങ്ങളയപ്പാൻ തുടങ്ങി. ഡിമോസ്തനീസ്സിൻെറ ഖ്യാതി ഏതൻസിലും മററുള്ള സംസ്ഥാനങ്ങളിൽ കൂടിയും പ്രചരിക്കുവാൻ ആരംഭിച്ചു. അദ്ദേഹത്തെ പണ്ടു പരിഹസിച്ചിരുന്നവർ സാവധാനത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുവാനൊരുങ്ങി. പ്രാധാന്യമേറിയ എല്ലാപൊതുക്കാൎയ്യങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ അറിവാൻ മററുള്ളവർ ഔത്സുക്യം പ്രദൎശിപ്പിച്ചു. ഏതൻസിലെ പ്രസിദ്ധ വാഗ്മികളുടെ ഇടയിൽ ഡിമോസ്തനീസ്സിൻെറ സ്ഥാനം സുസ്ഥിരമായി. ഗ്രീക്കു ചരിത്രത്തിൽ 'പരിശുദ്ധയുദ്ധം' എന്ന പേരിൽ അറിയപ്പെടുന്ന സമരാരംഭത്തോടുകൂടി ഡിമോസ്തനീസ്സിൻെറ സ്വാധീനശക്തി ദ്വിഗുണീഭവിച്ചു. വൈഷമ്യമേറിയ എല്ലാ രാജ്യഭരണപ്രശ്നങ്ങൾക്കും ഡിമോസ്തനീസ് നൽകിത്തുടങ്ങിയ നിൎദ്ദേശങ്ങൾ അത്യന്തം സ്വീകാൎയ്യവും ഫലപ്രദവുമാണെന്ന് പൊതുജനങ്ങൾക്കു ബോദ്ധ്യപ്പെട്ടു. അവൎക്ക് അദ്ദേഹത്തോടുണ്ടായിരുന്ന ബഹുമാനവും സ്നേഹവും വൎദ്ധിച്ചു.

## ഫിലിപ്പിനെ എതിരിട്ടതു്.

ചരിത്രത്തിലെ ഒരു പൊലിയാത്താരമായി വിലസുന്ന മഹാനായ അലക്സാണ്ഡരുടെ പിതാവായിരുന്ന

അക്കാലത്തു് മാസിഡോണിയാ രാജ്യം ഭരിച്ചുവന്നിരുന്നതു്. ഫിലിപ്പു് എന്ന നാമധേയത്തോടുകൂടിയ മേൽപ്പറഞ്ഞ ഭരണാധികാരി സമൎത്ഥനായ ഒരു സേനാനിയെന്നുള്ളതിനും പുറമേ, വിദേശ രാജ്യങ്ങളെ ആക്രമിച്ചടക്കി മാസിഡോണിയായുടെ വ്യാപ്തി വൎദ്ധിപ്പിക്കണമെന്നതിയായ മോഹമുള്ള ഒരാൾകൂടിയായിരുന്നു. ഏതൻസ് ആദിയായ ഗ്രീക്ക സംസ്ഥാനങ്ങളിലേക്കായിരുന്നു അദ്ദേഹത്തിൻെറ ദൃഷ്ടി ആദ്യം പതിഞ്ഞതു്. ഫിലിപ്പിൻെറ ഈ ദുൎമ്മോഹം നല്ലവണ്ണം മനസ്സിലാക്കിയ ഡിമോസ്തനീസ് തൻെറ സകല ശക്തികളും പ്രയോഗിച്ചു് മാസിഡോണിയാധിപതിയുടെ മേൽപ്പറഞ്ഞ സംരംഭങ്ങളോടു് എതിരിടുവാൻ തന്നെ തീൎച്ചയാക്കി. തൻെറ പ്രതിയോഗിയുടെ ഉദ്ദേശങ്ങളെ വിഫലമാക്കുവാൻ ഡിമോസ്തനീസ് കാണിച്ച സാമൎത്ഥ്യവും ധൈൎയ്യവും ഏതൻസുനിവാസികളുടെ ഏകകണ്ഠമായ അഭിനന്ദനത്തിന് അദ്ദേഹത്തെ പാത്രീഭൂതനാക്കി. പ്രഭാഷണ ചാതുൎയ്യം, അഭിപ്രായ ധീരത എന്നീക്കാൎയ്യങ്ങളിൽ അദ്ദേഹം ആൎജ്ജിച്ച ഖ്യാതി നിസ്തുലം തന്നെയായിരുന്നു. പെരിക്ലിസ്സിനുപോലും നൽകിയിട്ടില്ലാതിരുന്ന സ്ഥാനബഹുമാനാദികൾ യവനർ ഡിമോസ്തനീസ്സിനു നൽകി. പേൎഷ്യയിലെ ചക്രവൎത്തി അത്യധികം ആദരവോടുകൂടി അദ്ദേഹത്തിൻെറ നാമധേയം കൊണ്ടാടി. ലോകത്തിൽ വച്ചു് ഏററവും വലിയ വാഗ്മിയായി ഫിലിപ്പുകൂടിയും അദ്ദേഹത്തെ പരിഗണിച്ചു.

## തീയോപോമ്പസിൻെറ നിരൂപണം.

തീയോപോമ്പസ് എന്ന ചരിത്രകാരൻ ഡിമോസ്ത നീസ്സിൻെറ സ്വഭാവനിരൂപണം ചെയ്യുന്ന ഘട്ടത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അനേകായിരം കേൾവിക്കാരെ നിരർഗ്ഗളമായി പ്രവഹിച്ചിരുന്ന വാഗ് ധോരണികൊണ്ടു് ഇളക്കി മറിക്കുവാൻ പ്രാപ്തിയുണ്ടായിരുന്ന ഒരു മഹാവാഗ്മിയായിരുന്നു ഡിമോസ്തനീസ്സെങ്കിലും, അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ചില ഗൌരവതരമായ വൈകല്യങ്ങൾ ഉണ്ടായിരുന്നതായിട്ടാണു കാണുന്നതു്. യാതൊരു സ്വഭാവസ്ഥിരതയുമില്ലാതിരുന്ന ഒരു അസ്ഥിരചിത്തനായിരുന്നു അദ്ദേഹം എന്നുവേണം വിചാരിപ്പാൻ. ജീവിതത്തിൽ യാതൊരു പൊതുതത്വങ്ങളേയും മുറുകെപ്പിടിക്കാതെ സന്ദർഭാനുസരണം പ്രവർത്തിച്ചു വന്നിരുന്ന ഒരു ദേഹമായിരുന്നു ഡിമോസ്തനീസു്" തീയോപോമ്പസ്സിൻെറ ഈ നിരൂപണം പരമാർത്ഥത്തിനെതിരാണെന്നു കാണിപ്പാൻ അധികം പ്രയാസമില്ല. ഏതൻസിൽ അക്കാലത്തു നിരവധി രാഷ്ട്രീയ കക്ഷികളുണ്ടായിരുന്നെങ്കിലും, ഡിമോസ്തനീസു്, തൻെറ പൊതുജനജീവിതത്തിൻെറ ആരംഭദശയിൽ ചേൎന്ന കക്ഷിയിൽതന്നെയായിരുന്നു ആജീവനാന്തം നിലനിന്നതു്. അദ്ദേഹത്തിൻെറ ശോകപൂരിതമായ മരണം പോലും കക്ഷിമാറുന്നതിലുള്ള അസന്നദ്ധതകൊണ്ടുവന്നു ചേൎന്നതായിരുന്നു. അദ്ദേഹത്തിൻെറസമകാലീനന്മാരായ മററു രാജ്യതന്ത്രജ്ഞന്മാർ പല പല ഒഴികഴിവുകളുടെ മറപിടിച്ചായിരുന്നു യഥേഷ്ടം രാഷ്ട്രീയ കക്ഷികളും

പൊതുതത്വങ്ങളും ദിവസേനയെന്നവണ്ണം മാററിക്കൊണ്ടിരുന്നതു്. ഡിമേഡീസ് എന്ന ദേഹം താൻ ഉൾപ്പെട്ടുനിന്നിരുന്ന രാഷ്ട്രീയകക്ഷിയെ പരിത്യജിച്ചു് ഒരു നൂതനകക്ഷിയിൽചേൎന്നപ്പോൾ, തൻെറ ആ പ്രവൃത്തിയെ നീതീകരിച്ചുകൊണ്ടു പ്രസ്താവിക്കയുണ്ടായതു് ഇപ്രകാരമായിരുന്നു. "എൻെറ ഇപ്പോഴത്തെ അഭിപ്രായങ്ങൾക്കു നേരെ വിപരീതമായ അഭിപ്രായങ്ങൾ ഞാൻ മുമ്പുള്ള അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഏതൻസ് സംസ്ഥാനത്തിൻെറ പൊതുനന്മയ്ക്കു് ഹാനികരമായ യാതൊരഭിപ്രായവും ഞാനിതുവരേയുംപറഞ്ഞിട്ടില്ലെന്നു് ഏററവും അഭിമാനത്തോടുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ." കൈക്കൂലികൾ സ്വീകരിച്ചുകൊണ്ടു് അഭിപ്രായങ്ങളും രാഷ്ട്രീയ കക്ഷികളും മാറിവന്നിരുന്ന രാജ്യതന്ത്രജ്ഞന്മാരും അക്കാലത്തു കുറവല്ലായിരുന്നു. ഒരു പക്ഷെ മേൽപ്പറഞ്ഞ സമകാലീനന്മാരുടെ തോതു വച്ചുകൊണ്ടു് ഡിമോസ്തനീസ്സിനേയും അളന്നതുകൊണ്ടായിരിക്കണം തീയോപോമ്പസ് ഇപ്രകാരം തെററിദ്ധാരണ ഉളവാക്കുന്ന ഒരു പ്രസ്താവന തൻെറ ചരിത്രത്തിൽ രേഖപ്പെടുത്തുവാൻ ഇടയായതു്. തൻെറ രാഷ്ട്രീയാദൎശങ്ങളിൽ ഡിമോസ്തനീസ്സിനുണ്ടായിരുന്ന വിശ്വാസം അചഞ്ചലം തന്നെയായിരുന്നു. മനസാ വാചാ കൎമ്മണാ അദ്ദേഹം അവയിൽനിന്നും വ്യതിചലിക്കുകയുണ്ടായിട്ടില്ലെന്നും പ്രസ്താവിക്കുവാൻ സാദ്ധ്യമാകുന്നു.

## ഒരു കർമ്മയോഗി.

സത്യം ധർമ്മം ഇവയ്ക്കുവേണ്ടി സ്വജീവനെപ്പോലും ത്യജിക്കുവാൻ സന്നദ്ധതയുള്ളവരാകുന്നു യഥാർത്ഥമനുഷ്യർ എന്നായിരുന്നു അദ്ദേഹം തൻെറ ശ്രോതാക്കളെ നിരന്തരം ഉൽബോധിപ്പിച്ചുവന്നിരുന്നത്. മനുഷ്യരുടെ എല്ലാപ്രവൃത്തികളും പ്രതിഫലേച്ഛ കൂടാതെ ഏതെങ്കിലുമൊരു മഹനീയാദർശത്തിൻെറ സാദ്ധ്യതയ്ക്കുവേണ്ടിയായിരിക്കണം എന്നുള്ളതാണ് ഡിമോസ്തനീസ്സിൻെറ പ്രഭാഷണങ്ങളിലെ കാതലായ സത്യം. ഒരുൽക്കൃഷ്ട ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന ഒരാളിന് തിരഞ്ഞെടുക്കുവാൻ തക്ക നിരവധി മാർഗ്ഗങ്ങൾ ലോകത്തിലുണ്ട്. കൃത്യനിർവ്വഹണത്തിലുള്ള സംതൃപ്തിയെ പുരസ്കരിച്ചുമാത്രമായിരിക്കണം അവയിലേതെങ്കിലും ഒന്നുതിരഞ്ഞെടുക്കപ്പെടേണ്ടത്, പ്രതിഫലേച്ഛയോടുകൂടി ചെയ്യുന്ന സൽകൃത്യങ്ങൾ, സൽകൃത്യങ്ങൾതന്നെയെങ്കിലും അവയുടെ മാററുകുറയുന്നതായി നമുക്കനുഭവപ്പെടുന്നു. ഉൽകൃഷ്ടമായ ഒരാദർശത്തിനുവേണ്ടി ജീവിക്കയെന്നുള്ളതു മിക്കപ്പോഴും അസുഖപ്രദമെന്നു മാത്രമല്ല ആപൽക്കരം കൂടിയായിരിക്കും. ജീവിതംതന്നെയും ബലി കഴിക്കേണ്ടഘട്ടങ്ങൾ അപ്പോൾ ഉണ്ടായി എന്നു വന്നേക്കാം. എന്നാൽ സത്യത്തെ മുറുകെപ്പിടിക്കുന്ന ഒരാൾക്ക് ഇവയൊന്നും തന്നെ കാര്യമായി തോന്നുകയില്ല. ഇതൊക്കെയായിരുന്നു ഡിമോസ്തനീസ്സിൻെറ അഭിപ്രായങ്ങളും ആദർശങ്ങളും. ഏതൻസു നിവാസികളോടുള്ള അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളിൽ ഒരു കാര്യം അദ്ദേഹം

സുവ്യക്തമാക്കി. തൽക്കാലമുള്ള കാൎയ്യസാദ്ധ്യങ്ങൾക്കായി സുഖപ്രദവും വൈഷമ്യം കുറഞ്ഞതുമായ മാൎഗ്ഗങ്ങളെ സ്വീകരിച്ചു പ്രവൎത്തിക്കുന്നതിൽ ഭേദം അവരുടെ താല്പ ൎയ്യങ്ങളും രക്ഷതന്നെയും നീതിക്കും ധൎമ്മത്തിനും വേണ്ടി ബലികഴിക്കയത്രെ എന്നായിരുന്നു അദ്ദേഹത്തിൻെറ സന്ദേശം. അദ്ദേഹത്തിൻെറ ഓരോ പ്രസംഗത്തിലും തെളിഞ്ഞുകണ്ടിരുന്ന ഈ മഹത്തായ ആദൎശത്തിനും പുറമെ ഡിമോസ്തനീസ്സിൻെറ എല്ലാപ്രവൃത്തികളിലും പ്രശോഭിച്ചിരുന്ന ഔദാൎയ്യവും മഹാമനസ്കതയും കൂടി ചേൎന്നപ്പോൾ അദ്ദേഹം ഏതൻസുവാസികളുടെ ഗാഢമായ സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭൂതനായി. എന്നാൽ ഡിമോസ്തനീസ്സിലും മനുഷ്യസഹജമായ ചില വൈകല്യങ്ങൾ ഇല്ലാതിരുന്നില്ല. വേണ്ടത്ര ധൈൎയ്യവും നിഷ്പക്ഷ ബുദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നതായി വിചാരിക്കുവാൻ തരമില്ല. അദ്ദേഹത്തിൻെറ മുൻഗാമികളായിരുന്ന പെരിക്ലിസ്സ്, ഹൈപ്പർഡിസ്സ് ഇവർ പ്രാപിച്ച ഉൽകൃഷ്ടസ്ഥാനങ്ങളെ പ്രാപിക്കുവാൻ അദ്ദേഹത്തിനു അസാദ്ധ്യമായിത്തീൎന്നതും മേല്പറഞ്ഞ കുറവുകൾ കൊണ്ടു തന്നെയായിരുന്നു. ആയോധനവിദ്യയിൽ ഡിമോസ്തനീസ്സിനുണ്ടായിരുന്ന പാടവം ഗണ്യമായിരുന്നില്ല. കൈക്കൂലിയായിട്ടല്ലെങ്കിലും സമ്മാനങ്ങളായി അന്യരിൽ നിന്നും വിവിധസാധനങ്ങൾ വാങ്ങുന്ന സ്വഭാവവും അദ്ദേഹത്തിനുണ്ടായിരുന്നു. മാസിഡോണിയായിലെ ഫിലിപ്പയച്ച സ്വൎണ്ണം ഉപേക്ഷിച്ച ഡിമോസ്തനീസ്, സൂസാഎന്ന എതിരാളിഅയച്ചസുവൎണ്ണസമ്മാ

ങ്ങൾ സ്വീകരിക്കയുണ്ടായി. ഈ വക കുറവുകളെല്ലാം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഏതൻസിലെ അക്കാലത്തെ പ്രഥമവാഗ്മിയായിത്തീൎന്നു. മററുള്ള വാഗ്മികളെ അപേക്ഷിച്ച് അദ്ദേഹം കൂടുതൽ സ്വാതന്ത്ര്യ ബോധത്തോടു കൂടിയായിരുന്നു പൊതുജനങ്ങളോടു സംസാരിച്ചു വന്നിരുന്നതു്. അവരുടെ തെററുകളെ ചൂണ്ടിക്കാണിച്ച് നിർദ്ദയം അവയെ വിമൎശിക്കുന്നതിനും അവരുടെ ആഗ്രഹങ്ങളെ ആവശ്യമുള്ള അവസരങ്ങളിൽ തടയുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ഏതോ ഒരാളുടെ മേൽ ഒരു കുററാരോപണം നടത്തി പ്രസംഗിക്കുവാൻ ഏതൻസു വാസികൾ ഒരിക്കൽ അദ്ദേഹത്തെ ക്ഷണിക്കയുണ്ടായി. അദ്ദേഹം ആ അപേക്ഷയെ നിരസിച്ചപ്പോൾ അവർ അത്യധികം അസുഖവും അസംതൃപ്തിയും പ്രദൎശിപ്പിച്ചു. ഉടനെ ഡിമോസ്തനീസ് എണീററ് ഇപ്രകാരം പ്രസ്താവിച്ചു. "ഏതൻസു നിവാസികളെ, നിങ്ങളുടെ ആഗ്രഹത്തിനെതിരായി കൂടിയും നിങ്ങൾക്കു വേണ്ട അവസരങ്ങളിൽ ആലോചനയും ഉപദേശവും നൽകുവാൻ ഞാൻ സന്നദ്ധനാകുന്നു. എന്നാൽ നിങ്ങൾ ആഗ്രഹിക്കുന്നതായാൽ കൂടിയും വേറൊരാളെ കുററാരോപണം ചെയ്തുവഷളാക്കുന്നതിൽ ഞാൻ ഭാഗഭാക്കാകുകയില്ല, നിശ്ചയം" പൊതുജന പ്രീതിയിൽ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന ഒരു വാഗ്മിയിൽ നിന്നും മേൽപ്പറഞ്ഞ തരത്തിലുണ്ടായ ഒരു പ്രസ്താവന അനിഷേധ്യമായ ദൃഢനിശ്ചയത്തെയാണു് വെളിവാക്കുന്നതു്. സാമാന്യ ജനങ്ങളുടെ ഹിതാനുസരണം തുള്ളുന്നതിനു സന്നദ്ധതയുള്ള അനേക

വാഗ്മികൾ ഉണ്ടായിരുന്ന അക്കാലത്തു് ഡിമോസ്തനീസ് അപ്രകാരം പറഞ്ഞതു് തൻെറ വാഗ്മിത്വത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പരിപൂൎണ്ണവിശ്വാസത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. പൊതുജനാഭിപ്രായത്തെ കേവലം അവഗണിച്ചു് അദ്ദേഹം പ്രവൎത്തിച്ചിട്ടുള്ള വേറൊരു സന്ദർഭം കൂടിയും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ഏതോ ഒരു വലിയ കുററത്തിനുവേണ്ടി വിസ്തരിക്കപ്പെട്ട ആൻററിഫൺ എന്ന ആളിനെ പൊതുജനങ്ങൾ നിരപരാധിയെന്നുകണ്ടു വെറുതെ വിടുകയുണ്ടായി. അവൻെറ നിരപരാധിത്വത്തിൽ വിശ്വാസം തോന്നാതിരുന്ന ഡിമോസ്തനീസ് പൊതുജനഹിതത്തെ നിശ്ശേഷം അവഗണിച്ചു് സഭാമന്ദിരത്തിൽ വച്ചു് വീണ്ടും അവനിൽ കുററാരോപണം ചെയ്തു. ഡിമോസ്തനീസ്സിൻെറ വാഗ്മിത്വഫലമായി, മാസിഡോണിയായിലെ ഫിലിപ്പുരാജാവിനോടു കൂടിചേൎന്നു് ഏതൻസിലെ യുദ്ധസാമഗ്രികൾ സൂക്ഷിച്ചിരുന്ന ആയുധശാല തീവച്ചു നശിപ്പിക്കുവാൻ ശ്രമിച്ചു എന്ന കുററം ആൻററിഫൻെറമേൽ സ്ഥാപിക്കുകയും വധശിക്ഷക്കർഹനായിത്തീൎന്ന അയാളെ തൂക്കിലിടുകയും ചെയ്തു. രാജദ്രോഹപരമായ കുററങ്ങൾ ചെയ്തിട്ടുള്ള മററുപലരേയും ഡിമോസ്തനീസ് ഇതുപോലെ കഴുകുമരത്തിനിരയാക്കിത്തീൎത്തിട്ടുണ്ടു്. അനേകമാളുകളുടെ നിരപരാധിത്വം തെളിയിപ്പാനും അദ്ദേഹം തൻെറ വാഗ്മിത്വം പ്രയോഗിക്കയുണ്ടായിട്ടുണ്ടു്. ന്യായാധിപതികളുടെ വികാരങ്ങളെ ഇളക്കി അനുകൂലമായ വിധികൾ സമ്പാദിക്കുവാൻ

അദ്ദേഹത്തിനുണ്ടായിരുന്ന സാമൎത്ഥ്യം അന്യാദൃശംതന്നെ യായിരുന്നു. വിസ്തൃതമായ അദ്ദേഹത്തിൻെറ ലോക പരിചയവും, മനുഷ്യസ്വഭാവത്തിൻെറ വിവിധതര പ്രകടനങ്ങളെക്കുറിച്ചുള്ള അഗാധ ജ്ഞാനവുംമൂലം അദ്ദേഹത്തിൻെറ വാദമുഖങ്ങൾ അപ്രധിരോധ്യങ്ങ ളായിത്തീൎന്നിരുന്നു. ന്യായാധിപതികളുടെ കരുണയും ദയയും അഭ്യൎത്ഥിച്ചുകൊണ്ടുള്ള അദ്ദേത്തിൻെറ ചില പ്രഭാഷണങ്ങൾ ഇന്നും ഹൃദയസ്പൃക്കായി തന്നെ സ്ഥിതിചെയ്യുന്നു. ശ്രോതാക്കളുടെ സഹതാപത്തെ ഉദ്ദീപിപ്പിച്ച് അദ്ദേഹത്തിൻെറ ഇഷ്ടംപോലെ അവ രുടെ അഭിപ്രായങ്ങൾ രൂപവൽകരിക്കുവാൻ ഡിമോ സ്തനീസ്സിനുണ്ടായിരുന്ന പാടവം ഒന്നു വേറെ തന്നെയാ യിരുന്നു. മലംചോലപോലെ നിരൎഗ്ഗളമായി പ്രവ ഹിച്ചു വന്നിരുന്ന അദ്ദേഹത്തിൻെറ വാക് പ്രവാഹം ആരെയാണ് ഹഠാൽ ആകൎഷിച്ച് അദ്ദേഹത്തിൻെറ വ ശത്താക്കാതിരുന്നിട്ടുള്ളത്?

## ഫിലിപ്പിൻെറ എതിരാളി

മാസിഡോണിയായിലെ രാജാവായിരുന്ന ഫിലി പ്പിൻെറ സാമ്രാജ്യ ദുൎമ്മോഹങ്ങളെപ്പററിമുമ്പു ചൂണ്ടിക്കാ ണിച്ചുവല്ലൊ. ഫിലിപ്പിൻെറ ആഗ്രഹങ്ങളെ തടയുക യെന്നുള്ളതായിരുന്നു ഡിമോസ്തനീസ് തൻെറ ജീവിത ത്തിലെ ഏററവും വലിയ കൃത്യമായി കരുതിയിരുന്നത്. മാസിഡോണിയായും ഗ്രീസ്സും തമ്മിൽ സമാധാനമായി കഴിഞ്ഞുകൂടിയിരുന്ന കാലങ്ങളിൽപോലും ഡിമോസ്ത

നീസ്സ് ഫിലിപ്പിനെതിരായി നിരന്തരം പ്രചരണവേല മുഖാന്തിരവും മററു തരത്തിലും പ്രയത്നിച്ചുകൊണ്ടിരിക്കയായിരുന്നു. ഫിലിപ്പിൻെറ ഓരോപ്രവൃത്തിയും അത്യധികം സൂക്ഷ്മതയോടുകൂടി വീക്ഷിച്ചു കൊണ്ടിരുന്ന ഡിമോസ്തനീസ്സിൻെറ ദൃഷ്ടിയിൽ നിന്നും അയാളുടെ ആന്തരമായയാതൊരുദ്ദേശവും മറച്ചുവയ്ക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഫിലിപ്പിൻെറ എല്ലാ രാഷ്ട്രീയപ്രവത്തനങ്ങളേയും ഡിമോസ്തനീസ് അടിക്കടി എതിർത്തു കൊണ്ടിരുന്നു. ഫിലിപ്പിൻെറ സാമ്രാജ്യ ദുർമ്മോഹങ്ങളെപ്പററി അദ്ദേഹം ഏതൻസ്നിവാസികളെ സവ്ദാ ഉൽബോധിപ്പിച്ചുകൊണ്ടു തന്നെയിരുന്നിരുന്നു. അയാളെ ആരംഭഘട്ടത്തിൽ തന്നെ എതിരിടാത്തപക്ഷം ഗ്രീസ്സിനുണ്ടാകാവുന്ന വലിയ ആപത്തിനെക്കുറിച്ചും ഡിമോസ്തനീസ് പൊതുജനങ്ങളെ ധരിപ്പിച്ചു. ഗ്രീസ്സിൽതനിക്കുള്ള എതിരാളികളിൽ വച്ചു് ഏററവും പ്രാധാന്യമേറിയ ആൾ ഡിമോസ്തനീസ്സാണെന്നു് ഫിലിപ്പും മനസ്സിലാക്കി. സമാധാനസംസ്ഥാപനാത്ഥം ഡിമോസ്തനീസ്സും വേറെ ഒൻപതാളുകളും കൂടി ഏതൻസ് സംസ്ഥാനത്തിൻെറ പ്രതിനിധികളായി മാസിഡോണിയായിലേക്കു പോയപ്പോൾ, ഫിലിപ്പ് ഏററവും ശ്രദ്ധയോടുകൂടി ഡിമോസ്തനീസ്സിൻെറ വാക്കുകൾ ശ്രദ്ധിച്ചു. ബാക്കിയുള്ള പ്രതിനിധികൾക്കു് അസൂയ ജനിക്കത്തക്കവണ്ണം കൂടിയും ബഹുമാനപരമായി അയാൾ ഡിമോസ്തനിസ്സിനോട്ട് ആദ്യം പെരുമാറി. എന്നാൽ സന്ധിസംഭാഷണത്തിൻെറ അവസാനഘട്ടത്തിലെത്തിയപ്പോൾ ഫിലിപ്പ്

തന്റെ ആദ്യത്തെ ഭാവം ഉപേക്ഷിച്ചു. ഡിമോസ്തനീസ്സിനെ അവഗണിച്ച് അയാൾ മററ രണ്ടു പ്രതിനിധികളുടെ അഭിപ്രായങ്ങൾക്കു കൂടുതൽ പ്രാധാന്യം കല്പിച്ചു. ഇക്കാരണത്താൽ ആ രണ്ടു പ്രതിനിധികളും ഏതൻസിൽ തിരിച്ചെത്തിയ ശേഷം ഫിലിപ്പിന്റെ ഗുണഗണങ്ങളെ അതിരില്ലാതെ വർണ്ണിക്കുവാനും സ്തുതിക്കുവാനും തുടങ്ങി. അവർ ഫിലിപ്പിനെപ്പററി ഇപ്രകാരം പരസ്യമായി പ്രസ്താവിച്ചു. "അദ്ദേഹം ഒരു വാഗ്മിയാണ്, സുന്ദരനാണ്, എത്ര മദ്യം വേണമെങ്കിലും കഴിക്കുന്നതിനു തക്ക ദേഹശേഷിയുള്ള ആളാണ്." ഈ വാക്കുകൾ കേട്ടു കുപിതനായ ഡിമോസ്തനീസ് ഉടൻ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. "ഇതിൽ ആദ്യത്തെ ഗുണം യാതൊന്നും പ്രവൎത്തിക്കുവാൻ പ്രാപ്തിയില്ലാത്ത ഒരാളിനുയോജിച്ചതാണ്; രണ്ടാമത്തെ ഗുണം ഒരുസ്ത്രീക്കു ചേരുന്നതാണ്; മൂന്നാമത്തേതു് കുളികഴിഞ്ഞ ശേഷം ദേഹം തുടക്കുവാൻ ഉപയോഗിക്കുന്ന തോൎത്തിനും. എന്നാൽ ഇവയൊന്നും തന്നെ ഒരു രാജാവിനു പററിയതല്ലെന്നു മാത്രമേയുള്ളു." ഫിലിപ്പിനെപ്പററി ഏതൻസു നിവാസികൾക്കുണ്ടായിരുന്ന മതിപ്പു കുറവിനെ ശതഗുണീഭവിപ്പിക്കുവാൻ ഈ മറുപടി എത്രമാത്രം ഉപകാരപ്രദമായിരുന്നെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

### യുദ്ധപ്രചരണം.

ഫിലിപ്പുമായുള്ള യുദ്ധം ഒഴിച്ചു വയ്ക്കുവാൻ യാതൊരു നിവൎത്തിയുമില്ലാതായിത്തീൎന്നു. സൈന്യസന്നാ

ഹങ്ങളെ ശേഖരിക്കുന്ന വിഷയത്തിൽ ഫിലിപ്പുചെയ്തു കൊണ്ടിരുന്ന ഓരോ പ്രവൎത്തിയും ഡിമോസ്തനീസ്സിൻെറ ചെവിയിൽ എത്തിച്ചേൎന്നു. ഗ്രീസ്സിനെ മുഴുവനായി എങ്ങനെയെങ്കിലും തൻെറ അധീനതയിൽ കൊണ്ടു വരണമെന്നു ഫിലിപ്പും നിശ്ചയിച്ചു. രാജ്യഭക്തിദ്യോതകമായ പ്രഭാഷണങ്ങൾ കൊണ്ടു ഡിമോസ്തനീസ് ഏതൻസു നിവാസികളെ നിരന്തരം ഫിലിപ്പിനെതിരായി പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ വാങ്മാധുരിയിൽ ലയിച്ച സാധാരണ ജനങ്ങൾ ഗ്രീസ്സിൻെറസ്വാതന്ത്ര്യത്തിനു വേണ്ടി ഏതുവിധമുള്ള കഷ്ടനഷ്ടങ്ങളും സഹിക്കുവാൻ സന്നദ്ധരായി ചമഞ്ഞു. ഫിലിപ്പിൻെറ സഹായികളായിത്തീൎന്ന ബോഓട്ടിയാ ദ്വീപിലെ ഭരണാധികാരികൾക്കെതിരായി ഒരു സൈന്യത്തെ അയക്കുകയെന്നുള്ളതായിരുന്നു ഡിമോസ്തനീസ് ആദ്യം സാധിച്ചതു്. ഫിലിപ്പുമായി യുദ്ധത്തിലേൎപ്പെട്ടിരുന്ന ബൈസൻൈറൻസു്, പെരിന്തിയൻസു് എന്നീ രാജ്യക്കാരുടെ സഹായത്തിനായി വേറൊരു സൈന്യവിഭാഗത്തെ അയയ്ക്കുകയെന്നുള്ളതായിരുന്നു ഡിമോസ്തനീസ്സിൻെറ അനന്തരപ്രവൃത്തി. യഥാവസരത്തിൽചെയ്യപ്പെട്ട ഈ രണ്ടു ഉചിതകൃത്യങ്ങൾ മുഖാന്തിരം ഏതൻസിനു് ബലമേറിയ രണ്ടു മിത്ര രാജ്യങ്ങളെ ലഭിക്കുവാൻ സാധിച്ചു. പ്രചരണ ജോലികളിലേക്കാണു് ഡിമോസ്തനീസ്സിൻെറ ശ്രദ്ധ പിന്നീടു തിരിഞ്ഞതു്. ഗ്രീസ്സിൻെറ അംഗങ്ങളായ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും അദ്ദേഹം സന്ദശിച്ചു. വിശ്വവിശ്രുതനായിത്തീൎന്നിരുന്ന

 /2637

ഡിമോസ്തനീസ്സിനെ ഒരു നോക്കു കാണുവാൻ ഓരോ നഗരത്തിലും എത്തിക്കൂടിയ ജനങ്ങൾ ഒട്ടനവധിയായിരുന്നു. അദ്ദേഹത്തിൻെറ സുപ്രസിദ്ധമായിത്തീന്നിരുന്ന വാക്ചാതുരിയിൽ മയങ്ങിയ ഓരോ സംസ്ഥാന നിവാസികളും ഫിലിപ്പിനെതിരായി യുദ്ധംചെയ്യുവാൻ തന്നെ തീരുമാനിച്ചു. ഗ്രീസ്സിൻെറ പഴയകാലത്തെ മഹിമകൾ വൎണ്ണിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രഭാഷണങ്ങൾ ശ്രോതാക്കളെ രോമാഞ്ചകഞ്ചുകിതരാക്കിത്തീൎത്തു. സ്വാതന്ത്ര്യം മരണത്തെക്കാൾ അത്യുത്തമം എന്നദ്ദേഹം പ്രസ്താവിച്ചപ്പോൾ അവർ ആൎപ്പുവിളികളാൽ തങ്ങളുടെ വികാരപാരവശ്യത്തെ പ്രത്യക്ഷപ്പെടുത്തി. രാജോചിതമായ പ്രൌഢിയോടുകൂടിയായിരുന്നു അവർ അദ്ദേഹത്തെ സ്വീകരിക്കയും ബഹുമാനിക്കയും ചെയ്തുവന്നതു്. ഓരോ സംസ്ഥാനവും കഴിവുള്ളത്ര പടയാളികളെ ഫിലിപ്പിനെതിരായി യുദ്ധംചെയ്യുവാൻ അയച്ചു കൊടുത്തു എന്നു മാത്രമല്ല, പുറത്തു വിദേശരാജ്യങ്ങളിൽ നിന്നും പതിനയ്യായിരം കാലാൾപടയേയും രണ്ടായിരം അശ്വഭടന്മാരേയും കൂലികൊടുത്തു കൊണ്ടു വരുന്നതിനുള്ള ധനവും അവർ നൽകി. ഗ്രീക്കു് സൈന്യത്തെ നിയന്ത്രിക്കുവാൻ സൎവ്വസമ്മതമായി ഡിമോസ്തനീസ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

## തീബ്സ്കാരെ വശത്താക്കിയതു്.

സമരസന്നാഹങ്ങൾ സജ്ജീകരിക്കുന്നതിൽ ഗ്രീസ് രാജ്യം മുഴുവൻ ഏൎപ്പെട്ടിരുന്നു. എവിടെ ചെന്നാലും

അടുത്തുവരുന്ന യുദ്ധത്തെപ്പററിയും ഡിമോസ്തനീസ്സിൻെറ സാമത്ഥ്യത്തെക്കുറിച്ചും മാത്രമെ സംസാരമുണ്ടായിരുന്നുള്ളു. മിക്കവാറും എല്ലാസംസ്ഥാനങ്ങളും യുദ്ധത്തിനു വേണ്ടചട്ടംകെട്ടുകളെല്ലാം ശരിപ്പെടുത്തിക്കഴിഞ്ഞിരുന്നു. എന്നാൽ ഈയവസരത്തിൽ ഡിമോസ്തനീസ്സിനെ അത്യന്തം വിഷമതരമായ ഒരു പ്രശ്നം അഭിമുഖീകരിച്ചു. ഏതൻസു സംസ്ഥാനത്തിനു തൊട്ടടുത്തുകിടക്കുന്ന വേറൊരു സംസ്ഥാനമായിരുന്നു തീബ്സ്. ധാരാളം ധനവും വലിയ ഒരു സൈന്യവും ഉണ്ടായിരുന്ന തീബ്സ്കാർക്ക് ഏതൻസുകാരുമായി പല കാര്യ്യങ്ങളിലും സാരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. അക്കാലത്തെ ഏററവും ധീരന്മാരായ യോദ്ധാക്കൾ തീബ്സ് സൈന്യത്തിലായിരുന്നെന്നുള്ള പരമാത്ഥം സകലരാലും സമ്മതിക്കപ്പെട്ടിരുന്നു. ഒരു തല്ക്കാലസന്ധിമൂലം ഫിലിപ്പുമായി സമാധാനത്തിൽ വത്തിച്ചിരുന്ന അവരെ മാസിഡോണിയായിക്കെതിരായി പ്രേരിപ്പിക്കുന്ന കാര്യ്യം മിക്കവാറും അസാദ്ധ്യം തന്നെയായിരുന്നു. കൂടാതെ, ഏതൻസിലെ ജനങ്ങളും തീബ്സിലെ ആളുകളുമായി അതിത്തിപ്രദേശങ്ങളിൽവച്ചു സാധാരണയായി ഉണ്ടായിക്കൊണ്ടിരുന്ന ചെറു സംഘട്ടനകളും കലഹങ്ങളും മേൽപറഞ്ഞ വിഷമത്തെ വദ്ധിപ്പിക്കയും ചെയ്തു.

തീബ്സിൻെറ ഇത്തരത്തിലുള്ള നിലയെക്കുറിച്ചാലോചിച്ചു വിഷമിച്ചുകൊണ്ടിരിക്കുമ്പോൾ വേറൊരു ആകസ്മിക സംഭവം കൂടെയുണ്ടായി. അതുഗ്രീസ്സിനു വെളിയിൽവെച്ചു നടത്തപ്പെട്ട മൂന്നു യുദ്ധങ്ങളിൽ ഫിലിപ്പ്

അടിക്കടി വിജയശ്രീലാളിതനായി എന്നുള്ള വാൎത്ത യായിരുന്നു. ഏതൻസുകാരുടെ നിരാശയ്ക്കതിരില്ലാതായി. ഫിലിപ്പിൻെറ വൎദ്ധിച്ചുവരുന്ന ശക്തിയോടെതിരിടാൻ ഗ്രീസ്സിനു തക്ക ശക്തിയുണ്ടോയെന്നുകൂടി അവർ സംശയിക്കുവാൻ തുടങ്ങി. ഏതൻസു നിവാസികൾ ഇരുൾ നിറഞ്ഞ ഹൃദയങ്ങളോടുകൂടി അവരുടെ സഭാമന്ദിരത്തെ പ്രാപിച്ചു. സുപ്രസിദ്ധന്മാരായ പല വാഗ്മികളും അപ്പോൾ അവിടെ ഉണ്ടായിരുന്നെങ്കിലും പ്രസംഗപീഠത്തിലെണീററുനില്ക്കുവാൻ അവൎക്കാൎക്കും ധൈൎയ്യമുണ്ടായിരുന്നില്ല. നിരാശയിൽനിന്നുൽഭൂതമായ ഒരു നിശ്ശബ്ദത ആ സഭാവാസികളെ ആവരണം ചെയ്തിരുന്നു. ഒടുവിൽ ഡിമോസ്തനീസ് ഏകനായി ആ പ്രസംഗപീഠത്തെ പ്രാപിച്ച് ആ വലിയ ജനാവലിയോടു പ്രഭാഷണമാരംഭിച്ചു. ദൃഢസ്വരത്തിൽ കേൾക്കപ്പെട്ട അദ്ദേഹത്തിൻെറ ശബ്ദം കേൾവിക്കാരുടെഹൃദയങ്ങളിൽ എന്തെന്നില്ലാത്ത ആശയും ധൈൎയ്യവും അങ്കുരിപ്പിച്ചു. അദ്ദേഹത്തിൻെറ വാഗ്മിത്വം വീണ്ടും വിജയിക്കതന്നെ ചെയ്തു. തീബ്സ്കാരുടെ സഹായമഭ്യൎത്ഥിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗ്രീക്കുരക്തമാണ് അവരുടെ രക്തനാഡികളിൽക്കൂടി പായുന്നതെന്നും, മാതൃരാജ്യത്തിൻെറ ഈ വിഷമസന്ധിയിൽ അവരൊരിക്കലും തങ്ങളെ വെടികയില്ലെന്നും അദ്ദേഹം ഉറപ്പു നല്കിയപ്പോൾ ആബാലവൃദ്ധം ശ്രോതാക്കൾ ആൎപ്പുവിളികളാൽ തങ്ങളുടെ ഹൃദയാനന്ദത്തെ വെളിപ്പെടുത്തി. അടുത്തദിവസംതന്നെ മററു ചില ഏതൻസുപ്രതിനിധി

കളോടുകൂടി ഡിമോസ്തനീസ് തീബ്സിലേക്കുപോയി. അവിടെ അദ്ദേഹത്തിനു നിർവ്വഹിക്കുന്നതിനുണ്ടായിരുന്ന ജോലി ക്ഷിപ്രസാദ്ധ്യമല്ലായിരുന്നു. തീബ്സ്കാരിൽ അധിക പങ്കിനും ഏതൻസിനോടു വിരോധം തന്നെയായിരുന്നു. ഫിലിപ്പിനെതിരായി യുദ്ധം ചെയ്യുവാനുള്ള യാതൊരുസന്നദ്ധതയും അവർ പ്രത്യക്ഷപ്പെടുത്തിയില്ല. ഡിമോസ്തനീസ്സിൻെറ കൂടെയുണ്ടായിരുന്ന പ്രതിനിധികൾ നിരാശാഭരിതരായി ഏതൻസിലേക്കു തിരിച്ചു മടങ്ങിക്കളയുവാൻകൂടി ആലോചിച്ചു. എന്നാൽ ഡിമോസ്തനീസ്സിൻെറ ആത്മവിശ്വാസം അചഞ്ചലമായിതന്നെ സ്ഥിതിചെയ്തതെയുള്ളു. അടുത്തദിവസം ഡിമോസ്തനീസ് തീബ്സിലെ സഭാമന്ദിരത്തിൽ ഹാജരായി പ്രതികൂലമനസ്ഥിതിയോടുകൂടിയിരുന്നിരുന്ന ഒരു വലിയ ജനാവലിയെ അഭിമുഖീകരിച്ചു. പ്രൌഢസുന്ദരമായ സ്വരത്തിൽ ഏതൻസിൻെറ ഭാഗം അദ്ദേഹം വാദിക്കുവാൻ തുടങ്ങി. ഗ്രീസ്സിൻെറപൂർവ്വമഹിമകളെക്കുറിച്ചുള്ള വർണ്ണനകൾ കേട്ടപ്പോൾ ശ്രോതാക്കൾ ഒന്നടങ്കം അറിയാതെതന്നെ ആർപ്പുവിളികളാൽ തങ്ങളുടെ അഭിനന്ദനം പ്രസ്പഷ്ടമാക്കി. ഗ്രീസ്സിൻെറ സ്വാതന്ത്ര്യം എന്നെന്നേക്കുമായി ഹനിക്കുവാനാണ് ഫിലിപ്പുദ്ദേശിക്കുന്നതെന്നു പറഞ്ഞപ്പോൾ കേൾവിക്കാരുടെ ഭാവം പകൎന്നു. പ്രഭാഷണത്തിൻെറ അന്ത്യഘട്ടത്തിൽ തീബ്സ്നിവാസികളോടു നേരിട്ടുചെയ്ത അഭ്യർത്ഥനയിൽ ഡിമൊസ്തനീസ് കാണിച്ച വാഗ്മിതാചാതുര്യവും, ഹൃദയ പരമാർത്ഥതയും അവരെ പാടെ തൻെറ അനുകൂലികളാക്കിത്തീൎത്തു. ഏതൻസു

മായുണ്ടായിരുന്ന പൂർവ്വവിരോധങ്ങളെല്ലാം അവർ അരക്ഷണത്തിൽ മറന്നു. ഗ്രീസ്സിൻെറ സ്വാതന്ത്ര്യം ഹനിക്കുവാനായി മുതിരുന്ന ഫിലിപ്പിനെ സകല ശക്തികളും പ്രയോഗിച്ചു തടയുവാൻതന്നെ അവരും നിശ്ചയിച്ചു. പ്രഭാഷണം നിർത്തിപ്രസംഗപീഠത്തിൽ നിന്നും താഴെയിറങ്ങിയ ഡിമോസ്തനീസ് തീബ്സുകാരുടെ ആരാധനാപുരുഷനായിത്തീൎന്നു.

## ഫിലിപ്പിൻെറ സന്ധിയാലോചന.

ഡിമോസ്തനീസ്സിൻെറ ഓരോ പ്രവൃത്തിയും അത്യധികം സൂക്ഷ്മതയോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്ന ഫിലിപ്പ്, തീബ്സിൽ അദ്ദേഹത്തിനുണ്ടായ മഹാവിജയത്തെക്കുറിച്ച് ഉടൻ തന്നെയറിഞ്ഞു. തീബ്സുകാർ തന്നെ ഉപേക്ഷിച്ച് മറുപക്ഷത്തിൽ ഒരുകാലത്തും ചേരുകയില്ലെന്നായിരുന്നു ഫിലിപ്പിൻെറ വിശ്വാസം. എന്നാൽ ഡിമോസ്തനീസ്സിൻെറ വാക് ചാതുരിയുടെ ഫലമായി തീബ്സ് ഏതൻസിൻെറ പക്ഷത്തിൽ ചേൎന്നു എന്നറിഞ്ഞപ്പോൾ സീമാതീതമായ ഭീതിയാണയാൾക്കുണ്ടായതു്. തൻെറ സേനാനികളോടാലോചിച്ചപ്പോൾ ഗ്രീസ്സുമായി ഒരു സന്ധിയിലേൎപ്പെടുകയായിരിക്കും ഉത്തമം എന്നവർ അയാളെ ഉപദേശിച്ചു. ഉടൻതന്നെ സമാധാനം സ്ഥാപിക്കുവാൻ മൂന്നു നാലു പ്രതിനിധികളെ ഫിലിപ്പ് ഡിമോസ്തനീസ്സിൻെറ സമീപത്തേക്കയച്ചു. ഗ്രീസ്സുനിവാസികളെല്ലാം അത്യധികം ഉൽക്കണ്ഠയോടുകൂടി അനന്തരസംഭവങ്ങൾ സൂക്ഷിച്ചുകൊണ്ടിരുന്നു.

ഏതൻസിലേയും തീബ്സിലേയും സേനാനായകന്മാർ ഡിമോസ്തനീസ്സിൻെറ ഏതൊരാജ്ഞയും ശിരസാവഹി പ്പാൻ സന്നദ്ധരായി നിലകൊണ്ടു. എന്നാൽ ഈശ്വരേ ച്ഛ ഗ്രീസ്സിൻെറ സ്വാതന്ത്ര്യസംരക്ഷണത്തിനു പ്രതികൂല മായിരുന്നതിനാൽ ഡിമോസ്തനീസ്സിൻെറ സകലനോട്ട ങ്ങളും തെററുവാൻ തുടങ്ങി. ഭാവിസംഭവങ്ങളെപ്പററി മുന്നറിവു് ലഭിക്കുവാൻ ഗ്രീക്കുകാൎക്കുണ്ടായിരുന്ന ഒരു ഏൎപ്പാടായിരുന്നു 'ഓറക്കിൾസ്'. ഡിമോസ്തനീസ്സിൻെറ പരാജയത്തെക്കുറിച്ചു് ഓരോ ഓറക്കിളും മുന്നറിവുകൾ നൽകി. എന്നാൽ അദ്ദേഹം അവയെല്ലാം അവഗ ണിക്കയത്രെ ചെയ്തതു്. ഫിലിപ്പിൻെറ സൈന്യവുമായി എതിരിടുവാൻ സന്നദ്ധരായി നിന്നിരുന്ന തൻെറവലിയ സൈന്യത്തിൻെറ സംഖ്യാശക്തി, ധൈൎയ്യം ആദിയായ വയിൽ വ്യാമോഹിച്ച ഡീമോസ്തനീസ്, ഓറക്കിൾസ് നൾകിയനിരാശാപരമായ മുന്നറിവുകളെ അവഗണി ച്ചതിൽ അത്ഭുതപ്പെടുവാനില്ല. ഫിലിപ്പിൻെറ ദുഷ് പ്രേരണയോടു കൂടിയാണ് ഓറക്കിൾസ് ഇപ്രകാരം പ്രവൎത്തിക്കുന്നതെന്നദ്ദേഹം ഗ്രീസ്സുകാരെ മനസ്സിലാക്കി. തൻെറ മുൻഗാമികളായ പെരിക്ലിസ് ആദിയായവർ ഓറക്കിൾസ്സിൻെറ പ്രവചനങ്ങൾ അവഗണിച്ചു് വിജ യഭരിതരായിത്തീൎന്നിട്ടുള്ള അവസരങ്ങൾ അദ്ദേഹം അവരെ അനുസ്മരിപ്പിച്ചു. യുദ്ധം ചെയ്യാതെ ആ സമ യത്തു് സന്ധിക്കു വശംവദരായിത്തീരുന്നതു് ധൈൎയ്യഹീ നർ എന്നുള്ളപേർ സമ്പാദിക്കുന്നതിനു തുല്യമായിരിക്കു മെന്നദ്ദേഹം അവരെ ഉൽബോധിപ്പിച്ചു. ഡിമോസ്ത

നീസ്സിൻെറ ബുദ്ധിയിലും ആലോചനയിലും പരിപൂൎണ്ണ വിശ്വാസമുണ്ടായിരുന്ന ഗ്രീസ്സുകാർ ഫിലിപ്പിൻെറ പ്രതിനിധികളെ തിരിയെ അയച്ചശേഷം യുദ്ധം ചെയ്യുവാൻ തന്നെ അവസാനം തീരുമാനിച്ചു.

## യുദ്ധവും പരാജയവും

തൻെറ സന്ധിശ്രമങ്ങൾ വിഫലങ്ങളായി എന്നറിഞ്ഞതോടുകൂടി ഫിലിപ്പും യുദ്ധത്തിനു വേണ്ട സന്നാഹങ്ങൾ സജ്ജീകരിച്ചു. ഡിമോസ്തനീസ്സിൻെറ നേതൃത്വത്തിൽ നയിക്കപ്പെട്ടിരുന്ന ഗ്രീക്കുസൈന്യം മാസിഡോണിയാ സൈന്യവുമായി അവസാനം ഷേറോണിയാ എന്ന സ്ഥലത്തുവച്ച് കൂട്ടിമുട്ടി. ഉൽക്കണ്ഠാജനകമായ ആ മഹാസമരം നിരവധി ദിവസങ്ങൾ തുടൎന്നുനടന്നു. ഗ്രീക്ക് സൈന്യം നിരവധി വീരപരാക്രമങ്ങളും പ്രവൎത്തിച്ചു. ഫിലിപ്പ് തൻെറ സകല യുദ്ധസാമൎത്ഥ്യങ്ങളും ഈ സുപ്രസിദ്ധ സമരത്തിൽ പ്രയോഗിച്ചു. ഗ്രീസ്സിൻെറ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി യുദ്ധം ചെയ്തിരുന്ന ഡിമോസ്തനീസ്സിൻെറ പടയാളികൾ മാതൃരാജ്യത്തെ രക്ഷിക്കുവാൻ ഏതുവിധമുള്ള കഷ്ടനഷ്ടങ്ങളും കായക്ലേശവും സഹിപ്പാൻ സന്നദ്ധരായിരുന്നു. രണാങ്കണം ചരമഗതിയടഞ്ഞ യോദ്ധാക്കളുടെ ശരീരങ്ങൾകൊണ്ടു് നിറഞ്ഞു. അടൎക്കളത്തിൽ ഇറങ്ങിനിന്ന് യുദ്ധംചെയ്തിരുന്ന ഡിമോസ്തനീസ്സിനെ കണ്ടപ്പോൾ ഗ്രീക്ക്സൈന്യം ആൎപ്പുവിളികളാൽ അന്തരീക്ഷം മുഖരിതമാക്കി. എന്നാൽ കൃശഗാത്രനായിരുന്ന ഡിമോസ്തനീസ് അത്യന്തം ബല

ഹീനനായ ഒരു സേനാനിയായി പ്രത്യക്ഷപ്പെട്ടു. വാഗ്വൈഭവംകൊണ്ടു് അനേകായിരമാളുകളെ നിഷ്പ്രയാസം ഇളക്കിമറിക്കുവാൻ പ്രാപ്തനായിരുന്ന ഡിമോസ്തനീസ് ഒരു പടയാളിയെന്നനിലയിൽ അഗണ്യനാണെന്നു് വേഗത്തിൽ സ്വയംതെളിയിച്ചു. സമുദ്രതരംഗങ്ങൾ പോലെ ഫിലിപ്പിൻെറ സൈന്യങ്ങൾ മുമ്പോട്ടുപാഞ്ഞു. അവരെത്തടുക്കുവാൻ ശക്തിഹീനനായി ഭവിച്ച ഡിമോസ്തനീസ്, പരിചയുമുപേക്ഷിച്ചു് ഒരു ഭീരുവിനെപ്പോലെ അടർക്കളത്തിൽനിന്നും പലായനംചെയ്തു. നേതാവിനാൽ ഉപേക്ഷിക്കപ്പെട്ട ഗ്രീക്കുസൈന്യം തോൽവിയടഞ്ഞു് നാനാവഴിക്കും ഓടി. വിജയലബ്ധിയാൽ മദോന്മത്തന്മാരായിത്തീൎന്ന മാസിഡോണിയാസൈന്യം അനേകായിരം ഗ്രീക്കുകാരെ നിർദ്ദയം വെട്ടി നിലംപതിപ്പിച്ചു. സന്തോഷത്താൽ മതിമറന്ന ഫിലിപ്പ് മിക്കവാറും ബോധശൂന്യനാകുന്നതുവരെ മദ്യപാനം ചെയ്തശേഷം മൃതിയടഞ്ഞു തറയിൽ കിടന്നിരുന്ന ഗ്രീക്കുയോദ്ധാക്കളുടെ ശവശരീരങ്ങളിൽ ചവുട്ടി ആടിപ്പാടി നൃത്തം ചെയ്തു. ഡിമോസ്തനീസ്സിൻെറ ധൈര്യക്കുറവിനെ പരിഹസിച്ചു് അയാൾ പലതും അപ്പോൾ അട്ടഹസിച്ചു. ഒടുവിൽ സുബോധം വീണ്ടും പ്രാപിച്ചപ്പോൾ മാത്രമെ മദ്യത്തിൻെറ ശക്തിയാൽ താൻ പ്രവൎത്തിച്ച മൃഗീയപ്രവൃത്തികളുടെ ഭയങ്കരത വേണ്ടവണ്ണം ധരിക്കുവാൻ ഫിലിപ്പിനു സാധിച്ചുള്ളു. തൻെറ സാമ്രാജ്യമോഹങ്ങളും ധനവും ജീവൻതന്നെയും പണയത്തിലാക്കത്തക്കവണ്ണം കാൎയ്യങ്ങൾ നിയന്ത്രിച്ച ആ മഹാവാഗ്മിയുടെ

രൂപം അയാളുടെ മനസ്സിൽ പെട്ടെന്നുയൎന്നു. അടക്കള ത്തിൽനിന്നും ഓടിയ ഡിമോസ്തനീസ്സിൻെറ നാവിനു് വേറൊരു ഗ്രീക്കുസൈന്യത്തെ സജ്ജീകരിക്കുവാൻ അസാദ്ധ്യമല്ലായിരുന്നുവെന്നു് അയാൾക്കോൎമ്മയുണ്ടായി. ഫിലിപ്പിൻെറ ജന്മശത്രുവായിരുന്ന പേൎഷ്യാ ചക്രവൎത്തിയുടെ കൎണ്ണങ്ങളിൽ ഡിമോസ്തനീസ്സിൻെറ നാമധേയം എത്തിച്ചേൎന്നു. ഫിലിപ്പിനെ ഏതുവിധേനയും അടിപ്പെടുത്തണമെന്നുദ്ദേശിച്ചു ജീവിച്ചിരുന്ന അദ്ദേഹം ഡിമോസ്തനിസ്സിനു ധനസഹായം ചെയ്യുവാൻതന്നെ തീരുമാനിച്ചു. അദ്ദേഹത്തിൻെറ കീഴിൽ ഭരണംനടത്തിയിരുന്ന വിവിധപേൎഷ്യൻ സംസ്ഥാനങ്ങളിലെ സത്രപന്മാർ അഥവാ വൈസ്രോയിമാൎക്കു് അദ്ദേഹം ഡിമോസ്തനീസ്സിനെ ധനം കൊണ്ടു സഹായിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തുകളയച്ചു. ഫിലിപ്പിൻെറ ദുൎമ്മോഹങ്ങളെത്തടയുവാൻ ഏററവും ശേഷിമാനെന്ന നിലയിൽ മറേറതൊരു ഗ്രീക്കുകാരനെക്കാളും ഡിമോസ്തനീസ്സിനെ കൂടുതൽ ബഹുമാനിക്കയും ആദരിക്കയും വേണമെന്നും അദ്ദേഹം അവരെ അറിയിച്ചു. മേൽപ്പറഞ്ഞ കത്തുകളുടെ ഫലമായി ഡിമോസ്തനീസ്സിനു് ഒട്ടനവധി ധനം ലഭിക്കയുണ്ടായി.

## കുററാരോപണവും വിസ്താരവും.

ഷേറോണിയായിൽവച്ചു ഗ്രീക്കു് സൈന്യത്തിനുണ്ടായ തോൽവി ഡിമോസ്തനീസ്സിനോടസൂയയും വിരോധവും ഉണ്ടായിരുന്ന മററു ചില വാഗ്മികൾക്കു് അദ്ദേഹത്തോടു പകവീട്ടുവാൻ തക്കയൊരവസരമായി പരിണ

മിച്ചു. ഡിമോസ്തനീസ്സിൻെറ പ്രവൃത്തികളെ കഠിനമായി വിമശിച്ചുകൊണ്ടു് അവർ പലയിടങ്ങളിലും പ്രസംഗങ്ങറം നടത്തി. ഷേറോണിയായിൽ വച്ചു സംഭവിച്ച ഭയങ്കര തോൽവിക്കു കാരണഭൂതൻ ഡിമോസ്തനീസ്സാണെന്നവർ ശക്തിയുക്തം വാദിച്ചു. പരസ്യമായി അദ്ദേഹത്തെ വിസ്തരിക്കണമെന്നു് അവർ ആവശ്യപ്പെട്ടു. അസ്ഥിരചിത്തരായ ബഹുജനങ്ങറം അവരോടുകൂടി ചേൎന്നു. ജനനിബിഡമായ സഭാമന്ദിരത്തിൽ വച്ചു ഡിമോസ്തനീസ്സിൻെറ പരസ്യവിസ്താരവും ആരംഭിച്ചു. അദ്ദേഹത്തിൻെറ ശത്രുക്കറം വിവിധതരകുററങ്ങളും അദ്ദേഹത്തിൻെറ മേൽ ആരോപിച്ചു. സാധുക്കളായ നിരവധി ഗ്രീക്കു ഭടന്മാരുടെ മരണത്തിനു കാരണഭൂതൻ എന്നു കൂടി അവർ അദ്ദേഹത്തെപ്പററി പ്രസ്താവിച്ചു. ഫിലിപ്പു സന്ധിക്കായി അപേക്ഷിച്ചപ്പോറം അതിനു വശംവദനാകാതിരുന്നതു ഡിമോസ്തനീസ്സിൻെറ ബുദ്ധിമോശം കൊണ്ടാണെന്നവർ വാദിച്ചു. പ്രക്ഷുബ്ധചിത്തരായിത്തീൎന്ന സഭാവാസികറം മേൽപ്പറഞ്ഞ കുററാരോപണങ്ങറംക്കെല്ലാം മറുപടി നൽകുവാൻ ഡിമോസ്തനീസ്സിനോടാവശ്യപ്പെട്ടു. വശ്യലളിതമായ അദ്ദേഹത്തിൻെറ സ്വരത്തിൽ അദ്ദേഹം സമാധാനംപറവാൻ ആരംഭിച്ചു. അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയും അദ്ദേഹം പൊതുജനങ്ങറംക്കു ബോദ്ധ്യമാകത്തക്കവണ്ണം നീതീകരിച്ചു. ഗ്രീസ്സിൻെറ നന്മയെയല്ലാതെ തൻെറ സ്വാത്ഥത്തെ താൻ ഒരിക്കൽ പോലും കരുതിയിട്ടില്ലെന്നു് വികാരതരളിതമായ ശബ്ദത്തിൽ അദ്ദേഹം പ്രസ്താവിച്ചപ്പോറം ശ്രോതാക്കളിൽ ചിലരുടെ നയനങ്ങളിൽ അശ്രുബിന്ദു

ക്കും പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിൻെറ പേരിൽആരോപിക്കപ്പെട്ടിരുന്ന സകല കുററങ്ങളും അസൂയയുടെ ഫലമാണെന്ന് അവർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. നിരപരാധിയെന്നു വിധിക്കപ്പെട്ട ഡിമോസ്തനീസ്സിൻെറ മേൽ നിരവധി ബഹുമതികൾ അവർ വഷിച്ചു. ഏതൻസിലെ ഭരണക്കൂടത്തിൻെറ പ്രധാനിയായി അദ്ദേഹത്തെ അവർ നിയോഗിച്ചു. ഷേറോണിയായിൽ വച്ചു മൃതിയടഞ്ഞ ഗ്രീക്കു ഭടന്മാരുടെ അസ്ഥികൾ സംസ്കാരാത്ഥം ഏതൻസിൽ കൊണ്ടുവന്നപ്പോൾ സംസ്കാരപ്രഭാഷണം നടത്തുവാൻ ഡിമോസ്തനീസ്സിനെയായിരുന്നു പൊതുജനങ്ങൾ തിരഞ്ഞെടുത്തതെന്നുള്ളതിൽ നിന്നും അവക്കദ്ദേഹത്തോടുണ്ടായിരുന്ന ബഹുമാനം സുവ്യക്തമാകുന്നുണ്ടല്ലോ. ആ ചരമ പ്രഭാഷണം ശ്രവിച്ച ഏതൻസുനിവാസികൾ, ഭൂതകാലത്തദ്ദേഹം മൂലം അവക്കു സംഭവിച്ച സകല നഷ്ടങ്ങളും മറന്ന് ഫിലിപ്പിനോടും മാസിഡോണിയായോടും യുദ്ധം ചെയ്യുവാൻ വീണ്ടും തൽപരന്മാരായിത്തീൻ.

## ഫിലിപ്പിൻെറ മരണം

ഷേറോണിയായിൽ വച്ചുണ്ടായവിജയത്തിനുശേഷം മാസിഡോണിയാ രാജാവായിരുന്ന ഫിലിപ്പ് അധികകാലം ജീവിച്ചിരുന്നില്ല. പോസാനിയസ് എന്ന ഒരാളിൻെറ കഠാരിപ്രയോഗമേററ് അയാൾ കാലഗതിയടഞ്ഞു. ഏതൻസിൽ മററാരും ആ വാത്ത ഗ്രഹിക്കുന്നതിനു മുമ്പായി പ്രത്യേകദൂതന്മാർ മുഖാന്തരം ഡിമോസ്തനീസ്സിനാവിവരം ധരിക്കുവാൻ സാധിച്ചു. മാസിഡോ

ണിയായിക്കെതിരായി ഗ്രീസ്സിനെ ഇളക്കുന്നതിന് ആ മുന്നറിവു പ്രയോഗിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. സ്വപുത്രിയുടെ മരണാനന്തരം ഏഴു ദിവസം മാത്രമെ അപ്പോഠം കഴിഞ്ഞിരുന്നുള്ളെങ്കിലും വസ്ത്രാലങ്കാരവിഭൂഷിതനായി,മന്ദഹാസം തൂകുന്നവദനത്തോടുകൂടി ഡിമോസ്തനീസ് സഭാമന്ദിരത്തിൽ ആഗതനായി. ഏതൻസിൻെറ ഭാവിശ്രേയസ്സിനെദ്യോതിപ്പിക്കുന്ന ഏതോ ഒരു സ്വപ്നം താൻ തലേനാഠംരാത്രിയിൽ ദശിക്കയുണ്ടായിയെന്നു് അദ്ദേഹം തൻെറ സ്നേഹിതന്മാരെ അറിയിച്ചു. പുത്രീവിയോഗം മൂലം ദുഃഖസാഗരത്തിൽ നിമഗ്നനായിരിക്കേണ്ട ഡിമോസ്തനീസ് മേൽപറഞ്ഞ പ്രകാരം ഉന്മേഷ ചിത്തനായിരിക്കുന്നതു കണ്ടു് ജനതതി അത്ഭുതപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിൽ സഭാമന്ദിരത്തിൽ ദൂതന്മാർ പ്രവേശിച്ചു് “മാസിഡോണിയായിലെ രാജാവു് നിഹതനായിരിക്കുന്നു.” എന്നുള്ള വാത്ത സഭാവാസികളെ അറിയിച്ചു. ഡിമോസ്തനീസ്സിൻെറ തലേനാഠം രാത്രിയിലെ മംഗളസ്വപ്നം ഈ സന്തോഷവാത്തയെക്കുറിച്ചായിരുന്നെന്നു് ആളുകഠം പരസ്പരം പറഞ്ഞു. ഭാവിസംഗതികളെക്കുറിച്ചറിയുന്നതിനുള്ള ശേഷിയും ഡിമോസ്തനീസ്സിനുണ്ടെന്നു ചിലർ വിശ്വസിച്ചു. അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു് ഏതൻസു നിവാസികഠം തങ്ങളുടെ വിവിധ ദേവന്മാക്കും നിരവധി ബലികളും പൂജകളും അപ്പോഠം അപ്പിച്ചു. ഫിലിപ്പിനെ കഠാരി പ്രയോഗിച്ചു കൊലപ്പെടുത്തിയ പോസാനിയസ്സിനു് ഒരു കിരീടം നൽകുവാനും അവർ തീരുമാനിച്ചു.

പുഷ്പമാല്യങ്ങളണിയിച്ച് ഒരു ഘോഷയാത്രയായി ഡിമോസ്തനീസ്സിനെ പൊതുജനങ്ങൾ പ്രധാനനഗരവീഥികളിൽ കൂടി ആഘോഷപൂർവ്വം കൊണ്ടു പോകുകയും ചെയ്തു.

## അലക്സാണ്ടരുടെ രംഗപ്രവേശം.

ഫിലിപ്പിൻെറ മരണാനന്തരം അയാളുടെ പുത്രനായ അലക്സാണ്ടർ മാസിഡോണിയായിലെ, ഭരണാധികാരിയായി. സിംഹാസനാരോഹണവേളയിൽ കേവലം ഒരു ബാലൻമാത്രമായിരുന്ന അലക്സാണ്ടർ ഭാവിയിൽ വിശ്വവിശ്രുതനായ ഒരു സേനാനിയും 'മഹാൻ' എന്നുള്ള വിശേഷണത്തിന് അർഹനും ആയിത്തീരുമെന്ന് ആരുംതന്നെ അന്നു സംശയിച്ചിരുന്നില്ല. ഡിമോസ്തനീസ് പരിഹാസസൂചകമായി, "കളിമാറാത്തകുട്ടി" "വിദൂഷകൻ" എന്നൊക്കെയായിരുന്നു ആദ്യകാലങ്ങളിൽ അലക്സാണ്ടരെപ്പററി പറയാറുണ്ടായിരുന്നത്. രാജ്യഭരണ വിഷയത്തിൽ അലക്സാണ്ടറിനുണ്ടായിരുന്ന അപക്വതയും പരിചയക്കുറവും തീരുന്നതിനുമുമ്പായി മാസിഡോണിയായെ ആക്രമിച്ചു പരാജയപ്പെടുത്തണമെന്നായിരുന്നു ഡിമോസ്തനീസ്സിൻെറ ഉദ്ദേശം. മേൽപ്പറഞ്ഞ ആഗ്രഹനിവൃത്തിക്കായി ഗ്രീസ്സിലെ വിവിധസംസ്ഥാനങ്ങളേയും സംയോജിപ്പിച്ച് വീണ്ടും ഒരു വലിയ സൈന്യത്തെ സജ്ജീകരിക്കുന്നതിൽ അദ്ദേഹം കാലതാമസമെന്യേ ബദ്ധശ്രദ്ധനായി. അദ്ദേഹം പല നഗരങ്ങളും സന്ദർശിച്ച് ഉജ്ജ്വലത്തായ പ്രഭാഷണങ്ങൾ മുഖാന്തരം അവയിലെ നിവാസികളെ തൻെറ പക്ഷത്തിൽ ചേർത്തു.

ഷേറോണിയായിലെ ഗ്രീക്കകാരുടെ തോൽവിക്കശേഷം ഫിലിപ്പ് തൻെറ നിരവധിസൈന്യസമൂഹങ്ങളെ സമാധാനസംരക്ഷണാൎത്ഥം തീബ്സിലുംമററുചില സംസ്ഥാനങ്ങളിലും പാൎപ്പിച്ചിരുന്നു. ഫിലിപ്പിൻെറ മരണവാൎത്ത അറിഞ്ഞ ഉടനെ തന്നെ യുദ്ധോപകരണങ്ങളും ധനവും ഡിമോസ്തനീസ് ഏതൻസിൽ നിന്നും തീബ്സിലേക്കയച്ചുകൊടുത്തു. അതിൻെറ ഫലമായി തീബ്സിൽ പാൎത്തിരുന്ന മാസിഡോണിയാസൈന്യം പരാജിതരായി ആ സംസ്ഥാനത്തിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടു. മററു സ്ഥംസ്ഥാനങ്ങളോടുചേൎന്ന് അലക്സാണ്ടരോടെതിരിടുവാൻ ഏതൻസുനിവാസികളും തയ്യാറായി. രാജ്യഭക്തിയുളവാക്കുന്നതിനു പൎയ്യാപ്തങ്ങളായ ഡിമോസ്തനീസ്സിൻെറ ഗംഭീരപ്രഭാഷണങ്ങൾ കേട്ട് ഇളകിവശായ ഏതൻസിലെ ജനങ്ങൾ അദ്ദേഹത്തിൻെറ ഏതുനിൎദ്ദേശവും ശിരസാവഹിക്കുവാൻ സന്നദ്ധരായി. അലക്സാണ്ടൎക്കെതിരായി മാസിഡോണിയായുടെ പൂൎവ്വപ്രദേശങ്ങളിൽ കലാപങ്ങളും യുദ്ധങ്ങളും ഉണ്ടാക്കുവാൻ ഡിമോസ്തനീസ് പേൎഷ്യാചക്രവൎത്തിയുടെവൈസ്രോയിമാൎക്ക് കത്തുകളയച്ചു. മാസിഡോണിയായിലെ ബാലനായ ഭരണാധികാരിയെ എങ്ങനെയെങ്കിലും അടിപ്പെടുത്തുവാൻ സാധിക്കുമെന്നു് ഡിമോസ്തനീസ് തീരുമാനിച്ചു. എന്നാൽ ഈശ്വരനിശ്ചയം അങ്ങനെയല്ലായിരുന്നെന്നു വേഗം വെളിപ്പെട്ടു. മാസിഡോണിയായിലുണ്ടായിരുന്ന ചില്ലറ അഭ്യന്തരകലഹങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം അലക്സാണ്ടർ തൻെറസകലസൈന്യങ്ങളുമായി ബോഓട്ടിയാദ്വീപിൽ പ്രവേശിച്ച് അതിനെ കൈവശപ്പെടുത്തി. ഭയവിഹ്വല

ന്മാരായിത്തീൎന്ന ഏതൻസുകാർ എന്താണിനി പ്രവൎത്തി ക്കേണ്ടതെന്നറിയാതെ കുഴങ്ങി. ഏതൻസുകാരാൽ ഉപേക്ഷിക്കപ്പെട്ട തീബ്സിനെ അലക്സാണ്ടർ ആക്രമിച്ച് നിഷ്പ്രയാസം കീഴടക്കി. അദ്ദേഹം തീബ്സിൻെറ തലസ്ഥാനനഗരിയായിരുന്ന ആ മനോഹരപട്ടണം നിശ്ശേഷം നശിപ്പിച്ചു. സംഭ്രാന്തചിത്തരായിത്തീൎന്ന ഏതൻസുകാർ സന്ധിസംസ്ഥാപിക്കുവാൻ ഡിമോസ്തനീസ്സിനെ അലക്സാണ്ടരുടെ സമീപത്തേക്കയക്കുവാൻ തീരുമാനിച്ചു. മററു പ്രതിനിധികളോടുകൂടി മാസിഡോണിയായിലേക്കു യാത്രതിരിച്ച ഡിമോസ്തനീസ് പകുതി ദൂരം എത്തിയപ്പോഠം, കോപാക്രാന്തനായിരിക്കുന്ന അലക്സാണ്ടർ തൻെറ ശിരച്ഛേദം നടത്തിയേക്കുമോയെന്നു ഭയന്നു്, തനിച്ച് ഏതൻസിലേക്കു മടങ്ങി. സന്ധിക്കായി ചെന്ന ഏതൻസു പ്രതിനിധികളോടു് അലക്സാണ്ടർ ആദ്യമായി ആവശ്യപ്പെട്ടതു് ഏതൻസിലെ സുപ്രസിദ്ധവാഗ്മികളെയെല്ലാം തൻെറയടുക്കലേക്കയക്കണമെന്നായിരുന്നു. ഈയവസരത്തിലായിരുന്നു ഡിമോസ്തനീസ് ഉപമാലങ്കാരരൂപത്തിൽ ചെന്നായുടേയും ആട്ടിൻകുട്ടിയുടേയും കഥ ഏതൻസുനിവാസികളോടു പറകയുണ്ടായതു്. തന്നെ അലക്സാണ്ടരുടെ സമീപത്തേക്കയക്കുന്നതു തനിക്കും രാജ്യത്തിനുതന്നെയും ഹാനികരമായിരിക്കുമെന്നുതെളിയിപ്പാൻ അദ്ദേഹം പല ന്യായങ്ങളും പ്രസ്താവിച്ചു. ഇതികൎത്തവ്യതാമൂഢരായിത്തീൎന്ന ഏതൻസു നിവാസികഠം സഭാമന്ദിരത്തിൽവച്ച് വലിയ ഒരു ആലോചനായോഗം നടത്തി. അലക്സാണ്ടരുടെ അഭിലാഷത്തെ

കുറിച്ച് തീവ്രമായവാദപ്രതിവാദങ്ങൾ നടത്തുന്നതിനിടയിൽ, അദ്ദേഹം ആവശ്യപ്പെട്ടകയുണ്ടായ ഓരോ വാഗ്മിയും തനിക്കു് അയ്യഞ്ചു 'താലന്തു'കൾവീതം നൽകുന്ന പക്ഷം തനിച്ചു് അലക്സാണ്ടറെപ്പോയിക്കണ്ടു് കാൎയ്യങ്ങൾ സമാധാനപരമാക്കിത്തീൎക്കുവാൻ താൻ സന്നദ്ധനാണെന്നു് ഡിമേഡിസ് എന്ന വാഗ്മി സഭയെ അറിയിച്ചു. ഡിമോസ്തനീസും മററുള്ളവരും ആയതിനു സമ്മതിക്കയാൽ ഡിമേഡിസ് തനിച്ചു് അലക്സാണ്ടരുടെ സമീപത്തേക്കു പോയി. തന്റെ നയവിശേഷവും കാൎയ്യപ്രാപ്തിയും കൊണ്ടു് അദ്ദേഹം അലക്സാണ്ടരുടെ സ്നേഹവിശ്വാസാദികൾക്കു വേഗം പാത്രീഭൂതനായി. അലക്സാണ്ടർ തന്റെ മുൻപറഞ്ഞ നിൎദ്ദേശം ഉപേക്ഷിച്ചു് ഏതൻസും മാസിഡോണിയായുമായിസമാധാനം സംസ്ഥാപിക്കയും ചെയ്തു. ഡിമേഡിസ്സിന്റെ അഭിനന്ദനാൎഹമായ കൃത്യത്തിനുശേഷം ഡിമോസ്തനീസ്സിന്റെ സ്വാധീനശക്തിയും പ്രാബല്യവും അനല്പമായിക്കുറഞ്ഞു. ഏതൻസു നിവാസികൾക്കദ്ദേഹത്തോടുണ്ടായിരുന്ന ആദരവുംബഹുമാനവും മിക്കവാറും നഷ്ടപ്പെട്ടു. അത്യപ്രാധാനമായ ഒരു ജീവിതമായിരുന്നു ഡിമോസ്തനീസ് പിന്നീടു നയിക്കയുണ്ടായതു്.

## കിരീടത്തെ സംബന്ധിച്ചുള്ള സംവാദം

ഷേറോണിയായിൽവച്ചുണ്ടായ യുദ്ധത്തിനു കുറച്ചു വൎഷങ്ങൾക്കു മുമ്പു് ഡിമോസ്തനീസ് സ്വന്തസമ്പാദ്യത്തിൽനിന്നും ഒട്ടധികംപണം ചെലവാക്കി ഏതൻസുനഗരത്തിനുചുററും ഭംഗിയും ഉറപ്പുംഏറിയ ഒരു കോട്ട പണി

കഴിച്ചിരുന്നു. പൊതുജനസേവനാൎത്ഥം നടത്തപ്പെട്ടിരുന്ന മേല്പറഞ്ഞ മഹനീയകൃത്യത്തെ അഭിനിന്ദിച്ച് ഏതൻസിലെ പൊതുജനങ്ങൾ സ്വൎണ്ണനിൎമ്മിതമായ ഒരു കിരീടം ഡിമോസ്തനീസ്സിന്നു സഭാമന്ദിരത്തിൽ വച്ചു സമ്മാനിക്കയുണ്ടായി. ഡിമോസ്തനീസ്സിന്നു ലഭിച്ച ഈ അസുലഭബഹുമതിയിൽ അത്യന്തം അസൂയാലുവായിഭവിച്ച എസ്കൈനെസ് എന്ന വാഗ്മി പൊതുജനങ്ങളുടെ മേൽപ്പറഞ്ഞ പ്രവൃത്തിയെ അവഹേളിച്ച് ഒരു കുററാരോപണം സഭയുടെ മുമ്പിൽ ഹാജരാക്കി. ഷേറോണിയായുദ്ധം കഴിഞ്ഞയുടനെ മുൻപറഞ്ഞ കുററാരോപണത്തെക്കുറിച്ചുള്ള വിസ്താരവും ആരംഭിച്ചു. എട്ടുവൎഷക്കാലം ദീൎഘിച്ചുനിന്ന ആ വിസ്താരവും അന്വേഷണവും അതിൻെറ അന്ത്യഘട്ടത്തിലെത്തിയതു് ആരിസ്റ്റോഫൺ പ്രധാനന്യായാധിപതിയായ കാലത്തായിരുന്നു. ഇരുഭാഗക്കാൎക്കുവേണ്ടിയും വാദപ്രതിവാദങ്ങൾ നടത്തിയ വാഗ്മികളുടെ പ്രശസ്തിമൂലവും, വിവാദത്തിന്നടിസ്ഥാനമായ വിഷയത്തിൻെറ ഗൗരവംകൊണ്ടും, അതിൽ പങ്കെടുത്തിരുന്ന ന്യായാധിപന്മാരുടെ നിഷ്പക്ഷനില കുശാഗ്രബുദ്ധി ഇവകാരണവും പൌരാണിക ഗ്രീസ്സിൽ നടന്നിട്ടുള്ള എല്ലാ വിവാദങ്ങളിലും വച്ച് പ്രഥമസ്ഥാനം അൎഹിക്കുന്നതിതാണെന്നത്രെ ചരിത്രകാരന്മാരുടെയെല്ലാം ഒരു പോലെയുള്ള അഭിപ്രായം. ഗംഭീരങ്ങളായ നിരവധി പ്രഭാഷണങ്ങൾ ഇരുഭാഗത്തും നടന്നു. ഡിമോസ്തനീസ്സിൻെറ പൂൎവ്വചരിത്രം അതിസൂക്ഷ്മമായി വിമൎശിച്ചു. അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയെക്കുറിച്ച് പരസ്യമായി പൎയ്യാലോചിച്ചു. മാസിഡോ

ണിയാക്കാർ പണം കൊണ്ടും മററുതരത്തിലും ഡിമോസ്ത നീസ്സിൻെറ പ്രതിപക്ഷക്കാരെ സഹായിക്കുന്നുണ്ടായി രുന്നു. ഗ്രീസ്സരാജ്യം മുഴുവനും അക്ഷമയോടുകൂടി കാത്തി രുന്ന വിധി അവസാനം പ്രസ്താവിക്കപ്പെട്ടു. ഡിമോ സ്തനീസ് പൊതുജനങ്ങളാൽ സമ്മാനിക്കപ്പെട്ട സുവർണ്ണ കിരീടത്തിനു സർവ്വഥാ അർഹൻ തന്നെയെന്നു ന്യായാ ധിപന്മാർ ബഹുഭൂരിപക്ഷത്തോടുകൂടി വിധി പ്രസ്താ വിച്ചു. ഡിമോസ്തനീസ്സിൻെറ പക്ഷക്കാർ അത്യാഹ്ലാദ സൂചകമായി ആർപ്പുവിളികളാൽ അന്തരീക്ഷം ഭേദിച്ചു. തൻെറ പരാജയത്താൽ ലജ്ജാഭരിതനായിത്തീർന്ന എസ്കൈനെസ് നമ്രശിരസ്കനായിട്ടായിരുന്നു സഭാമ ന്ദിരം വിട്ടു് തൻെറ ഗൃഹത്തിലേക്കു പോകയുണ്ടായതു്. ഏതൻസുനിവാസികളുടെ പരിഹാസം അസഹ്യമായി ത്തോന്നിയ അയാൾ അവസാനം ഏതൻസു നഗരം വിട്ടു് റോഡ്സിൽ പോയി തൻെറ അന്ത്യജീവിതം കഴിച്ചുകൂട്ടുകയും ചെയ്തു.

## ഏതൻസിൽ നിന്നുള്ള ബഹിഷ്കരണം.

ഇപ്പോഴേക്കും നിരവധി സമരങ്ങൾ ജയിച്ച അല ക്സാണ്ടർ വിശ്വവിശ്രുതനായിത്തീർന്നിരുന്നു. അദ്ദേഹത്തി ൻെറ ഭരണത്തിൻ കീഴിൽ എത്തിച്ചേർന്ന ബാബിലോണി യാ രാജ്യത്തിലെ കരം, ചുങ്കം ആദിയായവയുടെ സൂക്ഷി പ്പുകാരനായി 'ഹർപ്പാലസ്' എന്ന ദേഹത്തേയായിരുന്നു അലക്സണ്ടർ നിയമിക്കയുണ്ടായതു്. അവിശ്വസ്തനായി രുന്ന ഹർപ്പാലസ് പൊതുമുതലിൽനിന്നും ഒട്ടുവളരെ ധ നം അപഹരിച്ചെടുത്തു. അലക്സാണ്ടർ ഈ വിവരം ധരി

ക്കുന്നപക്ഷം കോപാക്രാന്തനായി തന്നെ വധിക്കതന്നെ ചെയ്യുമോയെന്നു ഭയപ്പെട്ട ഹർപ്പാലസ് ബാബിലോണിയാ രാജ്യംവിട്ട് ഒട്ടനവധി ധനവും പൊൻപണ്ടങ്ങളുമായി ഏതൻസ് സംസ്ഥാനത്തിൽ അഭയം പ്രാപിച്ചു. അയാളുടെ അമിതമായധനത്തെക്കുറിച്ചറിവുലഭിച്ച ഏതൻസിലെ എല്ലാവാഗ്മികളും തന്നെ അയാളെ തങ്ങളുടെസംരക്ഷണയിലെടുക്കണമെന്നു ജനങ്ങളോടുപദേശിച്ചു. എന്നാൽ ഡിമോസ്തനീസ് മാത്രം ഹർപ്പാലസ്സിനെ ഏതൻസിൽനിന്നും പറഞ്ഞയക്കണമെന്നും, ആയാൾക്കുവേണ്ടി അനാവശ്യമായയുദ്ധങ്ങളിൽ ചെന്നുചാടുന്നതു് ബുദ്ധിശ്ശൂന്യതയായിരിക്കുമെന്നും, അവരെ ഉൽബോധിപ്പിച്ചു. ഡിമോസ്തനീസ് മേൽപ്രകാരം അഭിപ്രായപ്പെട്ടതിനു രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം ഹർപ്പാലസ്സിൻെറ ധനം പരസ്യമായിതിട്ടപ്പെടുത്തി. അപ്പോൾ അവിടെ ഹാജരുണ്ടായിരുന്ന ഡിമോസ്തനീസ് അത്യധികം സന്തോഷത്തോടുകൂടി സ്വർണ്ണനിർമ്മിതമായ ഒരു പാനപാത്രത്തെസൂക്ഷിച്ചുനോക്കുന്നതു ഹർപ്പാലസ് കണ്ടു. അയാളതുടനെ ഭാരം പരിശോധിക്കുന്നതിനായി ഡിമോസ്തനീസ്സിൻെറ കയ്യിൽ കൊടുത്തു. പാനപാത്രംകയ്യിൽ വാങ്ങി അതിൻെറ അസാധാരണഭാരത്തിൽ അത്ഭുതം തോന്നിയ ഡിമോസ്തനീസ് അതിൻെറ വിലയെന്തായിരിക്കുമെന്നു ഹർപ്പാലസ്സിനോടുചോദിച്ചു. സമർത്ഥനായഹർപ്പാലസ്സുടനെ ഇപ്രകാരം മറുപടിപറഞ്ഞു. "നിങ്ങൾക്കാണെങ്കിൽഅതിൻെറ വിലഇരുപതു താലന്തുകളായിരിക്കും." അന്നുരാത്രി ഹർപ്പാലസ് ആ സ്വർണ്ണപാനപാത്രവും ഇരുപതു താലന്തും ഡിമോസ്തനീസ്സിനുകൊടുത്തയച്ചു. ധനതൃഷ്ണയെ

ത്തടയുവാൻ തക്ക ആത്മധൈയ്യമില്ലാതെ ഡിമോസ്ത നീസ് അവയെ സ്വീകരിച്ചു. ഹർപ്പാലസ്സിനെ ഏതൻസിൽ നിന്നും പറഞ്ഞയക്കരുതെന്നുള്ള പക്ഷക്കാരുടെക്കൂട്ടത്തിൽ ഡിമോസ്തനീസ് കൂടുകയും ചെയ്തു. പിറേറ ദിവസം സഭാമന്ദിരത്തിൽ അദ്ദേഹം ആഗതനായത് കഴുത്തുവരെ മൂടിപ്പുതച്ചായിരുന്നു. ഹർപ്പാലിസ്സിൻെറ കാൎയ്യത്തെക്കുറിച്ചു സംസാരിക്കണമെന്നു ജനങ്ങൾ അദ്ദേഹത്തോടാവശ്യപ്പെട്ടു. എന്നാൽ ജലദോഷവും പനിയുമാകയാൽ തനിക്കന്നു സംസാരിക്കുവാൻ നിവ്വാഹമില്ലെന്നു മാത്രമായിരുന്നു അദ്ദേഹം ആഗ്യംകൊണ്ടവരോടു മറുപടിയായിപ്പറഞ്ഞത്. കുശാഗ്രബുദ്ധികളായ ചിലർ ഉടനെ ഇപ്രകാരം പറഞ്ഞു് പൊതുജനങ്ങളുടെയിടയിൽ മന്ദസ്മിതത്തിനു കാരണമുണ്ടാക്കി. "ഡിമോസ്തനീസ് സംസാരിക്കാതെ മൌനമവലംബിക്കുന്നതു രാത്രികിട്ടിയപനി കൊണ്ടല്ല, പണം കൊണ്ടാകുന്നു." ഡിമോസ്തനീസ് ഹർപ്പാലസ്സിൽ നിന്നും സമ്മാനങ്ങൾ സ്വീകരിച്ച കഥ നഗരവാസികളെല്ലാം അറിഞ്ഞു. തൻെറ പ്രവൃത്തിയെ നീതീകരിച്ചുകൊണ്ടു പ്രസംഗിക്കുവാൻ ഡിമോസ്തനീസ്സെഴുന്നേററപ്പോൾ ജനങ്ങൾ തങ്ങൾക്കദ്ദേഹത്തിൻെറ പ്രസംഗം കേൾക്കണ്ടയെന്നു പറഞ്ഞു കൂക്കി വിളിച്ചദ്ദേഹത്തെ പരിഹസിച്ചു. ഹർപ്പാലസ്സിനെ അവർ ഉടനെ തന്നെ തങ്ങളുടെ നഗരത്തിൽ നിന്നും ബഹിഷ്കരിച്ചു. ഹർപ്പാലസ്സിൻെറ കാൎയ്യത്തിൽ പങ്കെടുത്ത സകല വാഗ്മികളേയും വിസ്തരിക്കണമെന്നും, അവരിൽ കൈക്കൂലി വാങ്ങിയവരെന്നു കാണുന്നവരെ കഠിനമായിശിക്ഷിക്കണമെന്നും ഡിമോസ്തനീസ് തന്നെ പരസ്യമായി അഭിപ്രായപ്പെട്ടു. ജന

ങ്ങളതിന്നു സമ്മതിച്ചു. കുററവാളികളായി തെളിയപ്പെട്ട വരുടെ കൂട്ടത്തിൽ ഡിമോസ്തനീസ് ഒന്നാമനായിരുന്നു. ന്യായാധിപതിമാർ അദ്ദേഹത്തിന്ന് അൻപതുതാലന്തുശിക്ഷവിധിച്ചു. പിഴ ഒടുക്കുവാൻ നിർവാഹമില്ലാതിരുന്നതിനാൽ അദ്ദേഹത്തെ കാരാഗൃഹത്തിലടച്ചു. തൻെറ കുററത്തെപ്പററി സ്മരിച്ച് ലജ്ജിതനായിത്തീൎന്ന ഡിമോസ്തനീസ് കാരാഗൃഹവാസത്തിനുള്ള തൻെറ ശരീരാപ്രാപ്തിമൂലം തടവിൽ നിന്നും പുറത്തു കടക്കുവാൻ മാൎഗ്ഗങ്ങൾ കണ്ടുപിടിച്ച് രക്ഷപ്രാപിച്ചു. ജീവരക്ഷാൎത്ഥം ഏതൻസ നഗരം വിട്ടോടിയ അദ്ദേഹം പട്ടണത്തിൽനിന്നും അധികദൂരം പോകുന്നതിനുമുമ്പായി ആരോ തന്നെ അനുധാവനം ചെയ്യുന്നുണ്ടെന്നു മനസ്സിലാക്കി. അദ്ദേഹമുടനെ എവിടെയോ കയറി ഒളിച്ചുനിന്നു. അദ്ദേഹത്തെ പിൻതുടൎന്നവർ അദ്ദേഹത്തോടു സഹതാപമുള്ള സ്നേഹിതന്മാരായിരുന്നു. അവരദ്ദേഹം ഒളിച്ചിരുന്നിടം കണ്ടുപിടിച്ച് യാത്രാവശ്യത്തിലേക്കു വേണ്ടപണം അദ്ദേഹത്തിനുകൊടുക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്തു. വികാരഭരിതനായിത്തീൎന്ന അദ്ദേഹം ഇപ്രകാരം വിലപിച്ചു. "വെളിയിലെനിക്കു ലഭിക്കാവുന്ന മിത്രങ്ങളേക്കാൾ കൂടുതൽ സ്നേഹത്തോടുകൂടി എന്നോടു വൎത്തിക്കുന്നശത്രുക്കളുള്ള എൻെറ ജന്മനഗരത്തിൽ നിന്നുള്ള ഈ ബഹിഷ്കരണം ഞാനെങ്ങിനെസഹിക്കും.?" അദ്ദേഹത്തിൻെറ പിന്നീടുള്ള ജീവിതം അത്യന്തം ദുഃഖപൂരിതമായിരുന്നു. ഏതൻസിലെ തൻെറ പഴയ കാലത്തെ സുഖപ്രദമായ ജീവിതമോൎത്ത് അദ്ദേഹം പലപ്പോഴും ബാഷ്പവൎഷം ചൊരിയാറുണ്ടായിരുന്നു. സങ്കടാബ്ധിയിൽ പതിച്ച അദ്ദേഹം,

തന്റെ പ്രഭാഷണങ്ങളിലെ ആദൎശങ്ങൾക്കെതിരായി പലപ്പോഴും സംസാരിക്കയുണ്ടായി. ഏതൻസു നഗരത്തെ അപലപിച്ച് അദ്ദേഹം പല പ്രസ്താവനകളും നടത്തി. അദ്ദേഹത്തെ സന്ദൎശിച്ച ഒരുക്കൂട്ടം യുവാക്കന്മാരോടൊരിക്കൽ അദ്ദേഹം ഇപ്രകാരം പറകയുണ്ടായി. "എന്റെ ജീവിതാരംഭത്തിൽ രണ്ടു മാൎഗ്ഗങ്ങൾ—ഒന്ന് സഭാമന്ദിരത്തിലേക്കും പൊതുജനങ്ങളുടെ അഭിനന്ദനത്തിലേക്കും, മറേറത് നാശത്തിലേക്കും — തുറന്നുകാണപ്പെട്ടുകയും, ആദ്യത്തെ മാൎഗ്ഗം സ്വീകരിച്ച് പൊതുജനസേവന ജീവിതത്തിൽ പെട്ടന്നതുമൂലം ഉണ്ടാകാവുന്ന ആപത്തുകളും അപമാനങ്ങളും മുൻകൂട്ടി കാണുവാൻ സാദ്ധ്യമായിരിക്കയും ചെയ്തിരുന്നെങ്കിൽ ഞാൻ സന്തോഷസമേതം രണ്ടാമത്തെമാൎഗ്ഗത്തിൽ കൂടി വീണ്ടുവിചാരം കൂടാതെ മുമ്പോട്ടു പാഞ്ഞു മരണംതന്നെ വരിക്കുമായിരുന്നു, നിശ്ചയം" പ്രതാപത്തിന്റേയും കീൎത്തിയുടേയും ക്ഷണഭംഗുരത്വം നല്ലതുപോലെ മനസ്സിലാക്കിയിരുന്ന ഡിമോസ്തനീസ്സിന്റെ ഹൃദയാന്തൎഭാഗത്തുനിന്നും പൊട്ടിപ്പുറപ്പെട്ട മേൽപ്പറഞ്ഞ പ്രസ്താവന അത്യധികം മൎമ്മഭേദകം തന്നെയായിരുന്നു. അദ്ദേഹം പലരാജ്യങ്ങളിലും ചുററിത്തിരിഞ്ഞു. അപ്പോഴേക്കും വിശ്രുതനായിത്തീൎന്നിരുന്ന ഡിമോസ്തനീസ്സിനെ കാണുവാൻ അനേകമാളുകൾ എത്തിക്കൂടിയെങ്കിലും കഴിവുള്ള അവസരങ്ങളിലെല്ലാം അദ്ദേഹം ഒഴിഞ്ഞുകളകയാണു ചെയ്തതു്.

## ഡിമോസ്തനീസ്സിന്റെ തിരിച്ചുവരവ്.

ഡിമോസ്തനീസ്സിന്റെ ബഹിഷ്കൃരണ ജീവിതകാലത്തു് അലക്സാണ്ടർ ചക്രവൎത്തി നിൎയ്യാതനായി. ഗ്രീസ്സുടനെ

തന്നെ മാസിഡോണിയായുടെ ആധിപത്യത്തിൽ നിന്നും രക്ഷ നേടുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഗ്രീസ്സിലെ വാഗ്മികൾ രണ്ടു ഭാഗക്കാരായി പിരിഞ്ഞു. പൈത്തിയാസും മററു ചില വാഗ്മികളും ഗ്രീസ്സ് മാസിഡോണിയായോടെതിരിടരുതെന്നുള്ള ഭാഗം വാദിച്ചു. ഡിമോസ്തനീസ് നേരെ മറിച്ച് ഏതൻസിൽ നിന്നുള്ള പ്രതിനിധികളോടുകൂടി ചേർന്ന് മാസിഡോണിയായിക്കെതിരായി യുദ്ധം ചെയ്യുവാൻ ഗ്രീസ്സിലെ വിവിധ സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുവാൻ തുടങ്ങി. തങ്ങളുടെ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിലേക്കായി പൈത്തിയാസും ഡിമോസ്തനീസ്സും ഓരോ സംസ്ഥാനവും സന്ദർശിച്ചു പ്രഭാഷണങ്ങൾ നടത്തി. ആർക്കേടിയായിലുള്ള ഒരു പട്ടണത്തിൽ വച്ച് ഈ രണ്ടു മഹാ വാഗ്മികളും പരസ്പരം കണ്ടുമുട്ടിയെന്നാണു പറയപ്പെടുന്നതു്. പൈത്തിയാസ് ഉടനെ പറഞ്ഞു:—"കഴുതപ്പാൽ കൊണ്ടുവരപ്പെടുന്ന ഗൃഹം രോഗത്തിൻെറ ആസ്ഥാനമാണെന്നു നാം വിചാരിക്കുന്നതുപോലെ, ഏതൻസിൽ നിന്നുമുള്ള പ്രതിനിധികൾ പ്രവേശിക്കുവാൻ അനുവദിക്കുന്ന പട്ടണം ക്ഷീണാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഒന്നാകുന്നു." ഡിമോസ്തനീസ്സുടനെ അതിനു നൽകിയ മറുപടി ഇപ്രകാരമായിരുന്നു:—"രോഗികളെ സുഖശരീരരാക്കുവാൻ കഴുതപ്പാൽ വന്നുചേരുന്നതുപോലെയാകുന്നു ഏതൻസുകാർ വന്നുചേരുന്നതു്." ഡിമോസ്തനീസ് നൽകിയ ഈ മറുപടി ഏതൻസിലറിഞ്ഞപ്പോൾ സന്തോഷഭരിതരായിത്തീർന്ന പൊതു ജനങ്ങൾ ഡിമോസ്തനീസ്സിനെ പട്ടണത്തിൽ

ത്തിരിയെ പ്രവേശിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനം നടത്തി. അദ്ദേഹത്തെ തിരിച്ചു കൂട്ടിക്കൊണ്ടു വരുവാൻ ഒരു പടക്കപ്പൽ തന്നെ അവർ അയച്ചു. അദ്ദേഹം കയറിയിരുന്ന കപ്പൽ തുറമുഖത്തടുത്തപ്പോൾ ഏതൻസിലെ ആബാലവൃദ്ധം ജനങ്ങളും അവിടെ സന്നിഹിതരായിരുന്നു. സന്തോഷസൂചകമായി ആളുകൾ അനേക പ്രാവശ്യം ആർപ്പുവിളികൾ മുഴക്കി. വിചാരമഗ്നനായിക്കാണപ്പെട്ട ഡിമോസ്തനീസ് കപ്പലിൽനിന്നും കരയിലിറങ്ങിയ ശേഷം ആകാശത്തേക്കു കൈകളുയർത്തി ഇപ്രകാരം പറഞ്ഞു. "എൻെറ ജന്മനഗരമായ ഏതൻസു നഗരമെ, ഞാനെത്രമാത്രം ഹൃദയാഹ്ലാദത്തോടുകൂടിയാണു് വീണ്ടും നിൻെറ തറയിൽ പാദങ്ങളൂന്നുന്നതെന്നു പറഞ്ഞുകൊള്ളട്ടെ. ഏതൻസു നിവാസികൾ എന്നെ സ്വീകരിക്കുന്നതിൽ കാണിക്കുന്ന സ്നേഹവും വാത്സല്ല്യവും ഞാനൊരു കാലത്തും വിസ്മരിക്കയില്ല, നിശ്ചയം." ഇങ്ങനെ ഡിമോസ്തനീസ് വീണ്ടും തൻെറ ഏതൻസു ജീവിതം ആരംഭിച്ചു.

## പിഴ ഒടുക്കിയ വിധം.

ഡിമോസ്തനീസ് ഏതൻസിൽ തിരിച്ചുവന്നെങ്കിലും അദ്ദേഹത്തിൻെറ പിഴശിക്ഷ അപ്പോഴും അടച്ചു തീക്കാതെ നിലനിൽക്കുന്നതെയുണ്ടായിരുന്നുള്ളു. അതു ഇളച്ചുകൊടുക്കുവാൻ യാതൊരു മാൎഗ്ഗവുമില്ലായിരുന്നതിനാൽ പൊതുജനങ്ങൾ ഇപ്രകാരം ഒരു തന്ത്രം പ്രയോഗിച്ചു. കൊല്ലംതോറും ജൂപ്പിററർ ദേവൻെറ ബഹു

മാനാൎത്ഥംഓരോവലിയ ഉത്സവം ആഘോഷിക്കുക പതിവുണ്ടായിരുന്നു. അങ്ങനെയുള്ള ഉത്സവത്തിൻെറ മേൽനോട്ടം ഭരിക്കുന്ന ആൾക്ക് പൊതുജനങ്ങളുടെ വകയായി ഒരു വലിയ സംഖ്യ സംഭാവന ചെയ്കയും പതിവായിരുന്നു. അക്കൊല്ലത്തെ ഉത്സവമേൽനോട്ടം ഡിമോസ്തനീസ്സിനെ ഭരമേല്പിച്ചു. ഉത്സവാനന്തരം അദ്ദേഹത്തിൻെറ പിഴയുടെ തുകയായ അൻപതു താലന്തുകൾ പൊതുജനങ്ങൾ അദ്ദേഹത്തിനു സംഭാവന ചെയ്തു. ഇങ്ങനെ ലഭിച്ച മുതൽ കൊണ്ടു തൻെറ പിഴ പൂൎണ്ണമായി ഒടുക്കി അദ്ദേഹം സ്വതന്ത്രനായിത്തീരുകയും ചെയ്തു.

## ഡിമോസ്തനീസ്സിൻെറ മരണം.

എന്നാൽ മുൻ വിവരിച്ച സ്വാതന്ത്ര്യം ഡിമോസ്തനീസ്സിനധികകാലം അനുഭവിക്കുവാൻ സാധിച്ചില്ല. ഗ്രീസ്സും മാസിഡോണിയായുമായുള്ള യുദ്ധങ്ങളിൽ ഗ്രീസ്സിനടിക്കടി തോൽവി പിണയുവാൻ തുടങ്ങി. പല യുദ്ധങ്ങളിലും അവർ നിശ്ശേഷം പരാജിതരായിത്തീൎന്നു. മാസിഡോണിയാ സൈന്യം അതിവേഗത്തിൽ ഏതൻസിനെ സമീപിച്ചു. ജീവരക്ഷാൎത്ഥം ഡിമോസ്തനീസ്സും അദ്ദേഹത്തിൻെറ പക്ഷത്തിലുണ്ടായിരുന്നവരും പട്ടണം വിട്ട് ഓടിഒളിച്ചു. ഡിമേഡിസ്സിൻെറ പ്രേരണയനുസരിച്ച് ഡിമോസ്തനീസ്സും കൂട്ടാളികളും രാജ്യദ്രോഹികളും വധിക്കപ്പെടുവാൻ അൎഹന്മാരുമാണെന്നു ഏതൻസിലെ പൊതുജനങ്ങൾ വിധിച്ചു. നിർഭാഗ്യവാന്മാരായ ഡിമോസ്തനീസും അനുയായികളും ജീവരക്ഷാൎത്ഥം കാട്ടും

മലയും വകവയ്ക്കാതെ പായുന്നതിന്നിടയിൽ അവരെ പിൻതുടൎന്നു് പിടികൂട്ടുവാൻ ആർക്കിയാസ് എന്ന ഒരു പട്ടാള ഉദ്യോഗസ്ഥൻെറ കീഴിൽ ഒരു ചെറു സൈന്യ വിഭാഗത്തെ ഡിമേഡിസ് അവരുടെ പിന്നാലെ അയച്ചു. ആൎക്കിയാസ് ഒരു കാലത്തൊരു നടനായി രുന്നു. വൃദ്ധനായിരുന്ന ഡിമോസ്തനീസ് അനവധി ദുഃഖങ്ങളും പ്രയാസങ്ങളും സഹിക്കേണ്ടിവന്നു. ക്ഷുത്തും ദാഹവും ശമിപ്പിക്കുവാൻ മാൎഗ്ഗമില്ലാതെ അദ്ദേഹം നന്നാ വിഷമിച്ചു. ഡിമോസ്തനീസ്സിൻെറ അനുയായി കളെ ഓരോരുത്തരായി പിടികൂടി വധിച്ചു. കലേറി യായിലുള്ള വരുണൻെറ ക്ഷേത്രത്തിൽ ഡിമോസ്തനീസ് ജീവരക്ഷാൎത്ഥം ഒളിച്ചിരിപ്പുണ്ടെന്നറിഞ്ഞു് ആൎക്കിയാ സ്സും കൂട്ടു പടയാളികളും അവിടേക്കു തിരിച്ചു. അവർ ക്ഷേത്രത്തിൽ പ്രവേശിച്ചപ്പോറം ഡിമോസ്തനീസ് ചിന്താമഗ്നനായിരിക്കുന്നതു കണ്ടു. ആർക്കിയാസ് മൎയ്യാദപൂർവ്വം അദ്ദേഹത്തോടിപ്രകാരം പറഞ്ഞു. "ഡി മോസ്തനീസ്സേ, കീഴടങ്ങി എന്നോടുകൂടി മാസിഡോണി യായിലേക്കു വരിക. അവിടെ വച്ചു യാതൊരപക ടവും ഉണ്ടാകയില്ലെന്നു ഞാൻ ഉറപ്പു പറഞ്ഞു കൊള്ളു ന്നു." ആൎക്കിയാസ്സിൻെറ അനുകമ്പാപൂൎവ്വമായ ഈ വാക്കുകറംക്കു് ഡിമോസ്തനീസ് യാതൊരു കൂസലും കൂടാതെ ഇപ്രകാരമായിരുന്നു മറുപടി പറഞ്ഞതു്. "ആൎക്കിയാസ്സേ, നിങ്ങളൊരു നടനായിരുന്നപ്പോറം നിങ്ങളുടെ അഭിനയം കണ്ടു് എൻെറ ഹൃദയം ഒരിക്കൽ പോലും ഇളകുകയുണ്ടായിട്ടില്ല. അതുപോലെ തന്നെ നിങ്ങളുടെ വാഗ്ദാനങ്ങറം കൊണ്ടു് എന്നെ നിങ്ങറംക്കി

പ്പോൾ വശപ്പെടുത്താമെന്നും വിചാരിക്കേണ്ട.'' കുപിതനായിത്തീൎന്ന ആക്കിയാസ് ഉടനെ പല ഭീഷണികളും പ്രസ്താവിച്ചു. അതിനു മറുപടിയായി ശാന്തസ്വ ത്തിൽ ഡിമോസ്തനീസ് പറഞ്ഞതിപ്രകാരമായിരുന്നു. "ഇപ്പോൾ നിങ്ങളുടെ തനിനിറം പുറത്തായി. ഇതുവരേയും നിങ്ങൾ പഴയകാലത്തേപ്പോലെ അഭിനയിക്കുമാത്രമായിരുന്നു. അര നിമിഷം ക്ഷമിക്കണെ. എന്റെ വീട്ടിലുള്ളവൎക്ക ഞാനൊരു കത്തെഴുതി തീൎക്കുന്നതുവരെ ദയവുചെയ്തു ക്ഷമിക്കണെ.'' ഇത്രയും പറഞ്ഞശേഷം ക്ഷേത്രത്തിനുള്ളിൽ കടന്നു് തന്റെ എഴുത്തു സാമഗ്രികൾ എടുത്തുവച്ചു്, ആലോചനാഭാവത്തിൽ തന്റെ തൂലികാഗ്രം വായിൽ വച്ചുകൊണ്ടു് അദ്ദേഹം കുറച്ചു നേരം ഇരുന്നു. അല്പസമയം കഴിഞ്ഞു് തലയും ശരീരവും ഒരു തുണികൊണ്ടു മൂടി അദ്ദേഹം തറയിൽക്കിടന്നു. വാതുക്കൽ നിന്നിരുന്ന പടയാളികൾ അദ്ദേഹത്തിന്റെ ഭീരുത്വം ചൂണ്ടിക്കാണിച്ചു് പരിഹാസസൂചകമായി തമ്മിൽ തമ്മിൽ ചിരിച്ചു. ആക്കിയാസ് തന്റെ പഴയ വാഗ്ദാനങ്ങളുമായി അദ്ദേഹത്തോടു സാവധാനത്തിലടുത്തു. തന്റെ തൂലികാഗ്രത്തിൽ നിക്ഷേപിച്ചിരുന്ന കഠിന വിഷം അപ്പോഴേക്കും തന്റെ ഹൃദയത്തിൽ എത്തിക്കഴിഞ്ഞിരുന്നെന്നു മനസ്സിലാക്കിയ ഡിമോസ്തനീസ്, തന്റെ ശിരസ്സിനെ മറച്ചിരുന്ന തുണി നീക്കി ആക്കിയാസ്സിനോടിപ്രകാരം പറഞ്ഞു. "ആക്കിയാസ്സെ നിങ്ങൾക്കിപ്പോൾ നിങ്ങളുടെ അഭിനയം പൂൎത്തിയാക്കാം. എന്റെ ഈ ശരീരത്തിനു സംസ്കാരം കൂടി വേണമെങ്കിൽ നിങ്ങൾക്കു നൽകാതിരിക്കാം. മഹാത്മാ

വായ വരുണദേവാ! ജീവനുള്ളപ്പോൾ ഞാനിതാ അവിടുത്തെ ക്ഷേത്രത്തിൽ നിന്നും പിരിയുന്നു. എന്നാൽ മ്ലേച്ഛരായ മാസിഡോണിയാക്കാർ അവിടുത്തെ ക്ഷേത്രം അശുദ്ധമാക്കിയതു മാത്രമെ എന്നെ ഈ നിമിഷത്തിൽ കൂടുതലായി ദുഃഖിപ്പിക്കുന്നുള്ളു.'' ഈ വാക്കുകൾ പറഞ്ഞശേഷം തന്നെ ഒന്നു താങ്ങുവാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. ആപാദചൂഡം വിറച്ചുകൊണ്ടു നിന്നിരുന്ന അദ്ദേഹത്തിനു ബോധക്ഷയം ഉണ്ടാകുന്നതു പോലെതോന്നി. ബലിപീഠം കടന്നു പുറത്തേക്കു കടക്കുവാൻ ശ്രമിക്കുമ്പോൾ നിലത്തു വീണ് അദ്ദേഹം ഇഹലോകവാസം അവസാനിപ്പിക്കയും ചെയ്തു. അങ്ങനെ വരുണ സന്നിധിയിൽ വച്ച് വാഗ്മിതാ കലയുടെ പിതാവായ ഡിമോസ്തനീസും കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു.

## ഓർമ്മനിലനിർത്തിയതു്.

ഡിമോസ്തനീസ്സിൻെറ, മരണാനന്തരം അല്പകാലത്തിനുള്ളിൽ ഏതൻസ്സുനിവാസികൾ അദ്ദേഹത്തിൻെറ ഓർമ്മയെ നിലനിർത്തുന്നതിനായി ഓടിൽവാർത്ത ഡിമോസ്തനീസ്സിൻെറ ഒരു പ്രതിമ ഒരു പൊതുസ്ഥലത്തു് സ്ഥാപിച്ചു. കൂടാതെ അദ്ദേഹത്തിൻെറ കുടുംബത്തിൽ അതാതു കാലത്തു ജീവിച്ചിരിക്കുന്നവരിൽ ഏററവും പ്രായംകൂടിയ അംഗത്തെ പൊതു മുതൽകൊണ്ടു സംരക്ഷിക്കുവാനും അവർ വ്യവസ്ഥ ചെയ്തു. മേൽപ്പറഞ്ഞ പ്രതിമയുടെ കീഴിലായി ഈ വാചകവും രേഖപ്പെടുത്തിയിരുന്നു. ''ഡിമോസ്തനീസ്സേ! അവിടുത്തെ അഗാധ

ജ്ഞാനത്തിനു സമാനം അങ്ങയുടെധൈര്യവും ഉയന്നിരു ന്നെങ്കിൽ ഗ്രീസ് ഒരു കാലത്തും മാസിഡോണിയായാൽ പരാജിതയാക്കപ്പെടുകയില്ലായിരുന്നു''' ഡിമോസ്തനി സ്സിൻെറ പ്രതിമയെപ്പററിഒരു കഥ പ്ളൂട്ടാക്ക് തൻെറ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാകുന്നു. കുററാരോപണം ചെയ്യപ്പെട്ട ഒരു പടയാളി തൻെറ വിസ്താരത്തിനു മുമ്പായി ഡിമോസ്തനീസ്സിൻെറ പ്രതിമ യുടെ മുമ്പാകെ ചെന്നു് തൻെറ കൈവശമുണ്ടായിരുന്ന പണം മുഴുവനും ആ പ്രതിമയുടെ കൈയ്യിൽ വച്ചു ശേഷം കോടതിയിലേയ്ക്കു പോയി. വിസ്താരശേഷ അയാളെ നിരപരാധിയെന്നു കണ്ടു വിട്ടയച്ചു. തിരി ചെന്നപ്പോൾ പ്രതിമയുടെ കൈയ്യിൽ ഏല്പിച്ചി പണം മുഴുവനും യാതൊരു കുറവും കൂടാതെ അവി ണ്ടായിരുന്നു. പട്ടണവാസികൾ ഈ കഥകേട്ടപ്പോ ഡിമോസ്തനീസ്സിൻെറ നിഷ്പക്ഷബുദ്ധിയെക്കുറിച്ചു വി ദപരമായി പലതും പറകയുണ്ടായി.

ഡിമോസ്തനീസ്സിൻെറ ശത്രുവായിരുന്ന ഡി ഡിസ്സിനും അധികകാലം തൻെറ വിജയത്തിൻെറ ഫ അനുഭവിക്കുവാൻ ഭാഗ്യമുണ്ടായില്ല. അയാൾ മ ഡോണിയാ സന്ദർശിച്ച അവസരത്തിൽ അവിടെ ഹതനായി. "ദ്രോഹികൾ സ്വയം നാശത്തെവരി എന്നുള്ള ഡിമോസ്തനീസ്സിൻെറ തത്വം ഡിമേ തൻെറ മരണം കൊണ്ടു പ്രത്യക്ഷമായി തെളിയ

## ഉപസംഹാരം.

നിരവധി സൽഗുണങ്ങളുടേയും പ്രാബല്യശക
കളുടേയും നിവാസസ്ഥാനമായിരുന്ന ഡിമോസ്ത
സ്സിൽ ചില ബലഹീനതകളും ഇല്ലാതിരുന്നില്ല. വാ
ത്വത്തിലും രാജ്യഭക്തിയിലും അദ്ദേഹം അദ്വിതീയനാ
രുന്നെങ്കിലും അധൈര്യവും ധനാസക്തിയും അദ്ദേ
ത്തെ കുറച്ചൊക്കെ അടിമയാക്കിയിരുന്നു. അദ്ദേഹ
ൻെറ പ്രഭാഷണങ്ങളിൽ തിളങ്ങി വിളങ്ങുന്ന തത്വ
ന്തകൾ ലോകത്തിനു ലഭിച്ചിട്ടുള്ള അമൂല്യ സമ്പത്തുക
തന്നെ യെന്നുള്ളതിനു സംശയമില്ല. വാഗ്മിത്വചക്രവ
വായിരുന്ന ഡിമോസ്തനീസ്സിൻെറ ജീവചരിത്രം ലോ
സാനംവരെയും പഠനയോഗ്യം തന്നെയാണെന്നുള്ള
പക്ഷാന്തരമുണ്ടാകുവാൻ തരമില്ലല്ലൊ. അദ്ദേഹത്തി
മാകുന്ന സൽഗുണങ്ങളെ മാതൃകയാക്കി ജീവി
ന്നുള്ളതാകുന്നു നമ്മുടെ കടമ.

സമാപ്തം.

...d at the ... Anantha Rama Varma Press, Fort, Trivandrum

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M07 KOV-D Acc. No. 012637

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M07
KOV-D

012637

കോവൂർ ഇ. ഉകം

ഖിറോസ്ത്താനീസ്

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No M10 7 KOV-D Acc. No 012637

Author കോവൂർ ഇ എം

Title ദിമോസ്തനീസ്

gpura.org